മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

വാല്യം 14
ലക്കം 01
ത്രൈമാസിക



# സ്വർഗീയ മദ്ധ്യസ്ഥതയിൽ



**പ. ബസേലിയോസ് മാർത്തോമ്മ**

**പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

(1946 AUG 30 - 2021 JULY 12)

# ഓർത്തഡോക്സ് യുവജനം

## ത്രൈമാസിക

വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയസെമിനാരി റോഡ്, ചുങ്കം, കോട്ടയം - 1
ഫോൺ : 0481 2583997
email : orthodoxyuvajanam1936@gmail.com
facebook : ocymmediawing



## പത്രാധിപ സമിതി

| | |
|---|---|
| പ്രസിഡന്റ് | ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത |
| വൈസ് പ്രസിഡന്റ് | ഫാ. ഷിജി കോശി കറ്റാനം |
| ജനറൽ സെക്രട്ടറി | ഫാ. അജി കെ. തോമസ് |
| ട്രഷറർ | പേൾ കണ്ണേത്ത് |
| ചീഫ് എഡിറ്റർ | ഫാ. ലൂക്ക് ബാബു |
| പബ്ലീഷർ | ബിനു പാപ്പച്ചൻ |
| ബോർഡ് അംഗങ്ങൾ | റ്റിബിൻ ചാക്കോ |
| | ബിബിൻ ബാബു |

# ഉൾത്താളുകളിലൂടെ...

അനുഗ്രഹ സന്ദേശം .......... 4
**സത്ഗുണങ്ങളും സത്പ്രവൃത്തികളും**
ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ ബാവാ

പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം .......... 5
**ആഴമാർന്ന പഠനമാണ് തീവ്രമായ സേവനം**
ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

ജനറൽ സെക്രട്ടറിയുടെ കത്ത് .......... 7
**പ്രാർത്ഥിക്കാം പ്രതിരോധിക്കാം പ്രവർത്തിക്കാം**
ഫാ. അജി കെ. തോമസ്

മുഖമൊഴി — **പ്രത്യാശയുടെ സഹയാത്രികർ** .......... 8
ഫാ.ലൂക്ക് ബാബു (യൂഥിക)

ലേഖനം — **സ്വാതന്ത്ര്യം ജീവിത വീക്ഷണത്തിൽ** .......... 10
ഫാ. ഗീവർഗ്ഗീസ് കോശി കറ്റാനം

സന്ദേശം — **നന്ദിപൂർവ്വം ഒരു വാക്ക്** .......... 12
ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

ലേഖനം — **ക്രിസ്തു സ്വാതന്ത്ര്യത്തിലേക്ക്** .......... 14
ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

അതിഥി സന്ദേശം — **യുവാക്കൾ യുവാക്കളായിരിക്കട്ടെ** .......... 16
സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

വിശ്വാസപഠനം — **വി. കൂദാശകളും ക്രൈസ്തവ ജീവിതവും** .......... 19
ഫാ. വിവേക് വർഗ്ഗീസ്, റോം

ലേഖനം — **ചരിത്ര ജ്ഞാനവും പൈതൃക പരിരക്ഷണവും** .......... 21
അലക്സിൻ ജോർജ്ജ് IPoS

ലേഖനം — **കുരിശുമരം** .......... 24
ഫാ.തോമസ് രാജു

മനശാസ്ത്ര പംക്തി — **മനുഷ്യ വികാരങ്ങളിലൂടെ** .......... 26
ഹർഷ കെ. വിശ്വം, കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്

ലേഖനം — **മാനുഷിക വിചാരങ്ങൾക്കപ്പുറമുള്ള ദൈവദർശനം** .......... 28
മെർലിൻ റ്റി. മാത്യു

പഠനം — **ദൈവാലയ പരിചയം** .......... 30
റ്റിബിൻ ചാക്കോ

ആരോഗ്യ പംക്തി — **നേത്ര ആരോഗ്യം.** .......... 31
ഡോ. സിയാ സിജു പുലിക്കോട്ടിൽ, ബി.എ.എം.എസ്



ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ 84-ാം രാജ്യാന്തര സമ്മേളനത്തിന് ഇടുക്കി യുവജനപ്രസ്ഥാനത്തിന്റെ ആശംസകൾ

design : trinity tinju@9495164966

## അനുഗ്രഹ സന്ദേശം

# യുവജനങ്ങളിലെ സത്ഗുണങ്ങളും സത്പ്രവൃത്തികളും കണ്ടെത്താം

നമ്മുടെ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ ഔദ്യോഗിക മാസികയായ 'യുവജനം' കോവിഡാനന്തരം വീണ്ടും സജീവമാകുന്നു എന്നറിയുന്നതിൽ നാം അതിയായി സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. യുവജന പ്രസ്ഥനത്തിന്റെ ഈ വർഷത്തെ ചിന്താവിഷയം 'പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങുവീൻ' (ഉൽപത്തി 8:16) എന്നതാണല്ലോ. പെട്ടകത്തിലെ ജീവിതം മൗനത്തിന്റെയും അച്ചടക്കത്തിന്റെയും ആത്മീയതലമാണ്. പെട്ടകത്തിൽ സ്വസ്ഥമായും ധ്യാനാത്മകമായും സ്ഥിതി ചെയ്ത് നിരന്തരമായ പ്രാർത്ഥനയിലൂടെ സ്വീകരിക്കുന്ന കൃപകൾ, പുറത്തേക്കിറങ്ങി പങ്കു വെയ്ക്കുവാൻ നമുക്ക് ഉത്തരവാദിത്വം ഉണ്ട്. ആരാധനയ്ക്ക് ശേഷമുള്ള ആരാധന (Liturgy after the Liturgy) എന്ന ഓർത്തഡോക്സ് പാരമ്പര്യത്തിലെ മിഷന്റെ നിർവ്വചനവും പെട്ടകത്തിന് പുറത്തിറങ്ങുവാൻ നമ്മെ പ്രചോദിപ്പിക്കുന്നുണ്ട്. 'അറയിൽ കടന്നു രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്കണമെന്ന' (വി. മത്തായി 6:6) നമ്മുടെ കർത്താവിന്റെ സുവിശേഷവും ഇതിനോട് ചേർത്ത് വയ്ക്കാവുന്നതാണ്. ഈ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ യുവജനങ്ങൾ കോവിഡ് കാലഘട്ടത്തിൽ സമൂഹത്തിന് നൽകിയ സേവനങ്ങളും പ്രവർത്തനങ്ങളും ശ്ലാഘനീയമായിരുന്നു.



കോവിഡാനന്തരം നമ്മുടെ യുവജനങ്ങളുടെ ആദ്ധ്യാത്മിക മണ്ഡലങ്ങളെ ശോഭനമാക്കുവാനും, ചിന്താധാരകളെ പ്രചോദിപ്പിക്കുവാനും യുവജനം മാസികയിലൂടെ സാധ്യമാകണം. ഈടുറ്റ ലേഖനങ്ങളും, ദൈവീക മർമ്മം അടങ്ങിയിരിക്കുന്ന ആശയങ്ങളും, സാമൂഹ്യ വിശകലനങ്ങളും നമ്മുടെ മക്കൾക്ക് ശരിയായ ചിന്താപദ്ധതി രൂപപ്പെടുത്തുവാൻ സഹായകമാകും. സാങ്കേതിക വിദ്യകൾ അനുനിമിഷം പുരോഗമിക്കുന്ന ഈ നൂതന കാലഘട്ടത്തിൽ യുവജനങ്ങളിലെ സത്ഗുണങ്ങളെയും സത്പ്രവൃത്തികളെയും കണ്ടെത്തി അവ കൂടുതലായി പുറത്തുകൊണ്ടുവരുന്നതിന് നാം കൂട്ടായി പരിശ്രമിക്കേണ്ടതുണ്ട്. മദ്യ - മയക്കുമരുന്നു മാഫിയകൾ നമ്മുടെ സ്കൂൾ തലങ്ങളിലുള്ള കുട്ടികളിൽ വളരെ വ്യാപകമായി പിടിമുറുക്കിയിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുവാൻ പോന്ന തരത്തിൽ ഈ ദുഷ്ടശക്തികൾ പരിശ്രമിക്കുന്നുണ്ട്. നമ്മുടെ കുട്ടികളെ ദൈവത്തോടും സഭയോടും ആരാധനയോടും ചേർത്തു നിർത്തിയില്ലെങ്കിൽ അതിജീവനം സാധ്യമാകാതെ വരും. നമ്മുടെ യുവജനങ്ങളാണ് സഭയുടെ ശക്തിയും ഊർജ്ജസ്രോതസ്സും. നമ്മുടെ ഉന്നതമായ സമിതികളിൽ വരെ ചെറുപ്പക്കാർ തിരഞ്ഞെടുക്കപ്പെടുന്നു എന്നത് സഭയുടെ ശോഭനമായ ഭാവിക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നത്. 'യുവജനം' മാസികയിലെ അക്ഷരവും ആത്മാവും നമ്മുടെ എല്ലാ യുവജനങ്ങളിലും സംവേദിക്കപ്പെടുമെന്ന് നാം പ്രതീക്ഷിക്കുന്നു. ഈ ഉദ്യമത്തിന് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരെയും നാം അനുമോദിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

**ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ**

## പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം

# ആഴമാർന്ന പഠനമാണ് തീവ്രമായ സേവനം

ത്രിയേക ദൈവത്തിന് മഹത്വമുണ്ടാവട്ടെ ..

യുവജനപ്രസ്ഥാനത്തിന്റെ സ്നേഹമുള്ള പ്രവർത്തകരെ,

ഒരു ഇടവേളയ്ക്ക് ശേഷം നമ്മുടെ യുവജന പ്രസ്ഥാനത്തിന്റെ ഔദ്യോഗിക മാസികയായ 'യുവജനം ' ത്രൈമാസിക പ്രവർത്തന സജ്ജമായിരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. മുൻ വർഷങ്ങളിൽ ഇതിന്റെ പത്രാധിപ സമിതിയിൽ പ്രവർത്തിച്ച എല്ലാവരെയും പ്രത്യേകാൽ ചീഫ് എഡിറ്റർ ഫാ.തോമസ് രാജു, പബ്ലിഷർ ഫാ.ജോൺ ടി. സാമുവേൽ (സുനു അച്ചൻ), ടിൻജു ശാമുവേൽ, ലെനി ജോൺ എന്നിവരുടെ ഈടുറ്റ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. അതുപോലെ പത്രാധിപ സമിതിയിലേക്ക് പുതുതായി ചുമതലയേറ്റ ചീഫ് എഡിറ്റർ ഫാ. ലൂക്ക് ബാബു, പബ്ലിഷർ ശ്രീ ബിനു പാപ്പച്ചൻ, മറ്റ് അംഗങ്ങളെയും അനുമോദിക്കുകയും ഉയർന്ന ദർശനത്തോടെ പ്രവർത്തിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

ഈ പ്രസ്ഥാനത്തിന് മുൻ വർഷങ്ങളിൽ നേതൃത്വം നൽകിയ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയ്ക്കും തിരുമേനിയോടൊപ്പം ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി അഹോരാത്രം പ്രയത്നിച്ച് പ്രവർത്തിച്ച എല്ലാ ഭാരവാഹിക്കളുടെയും ശ്രേഷ്ഠ പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിക്കുകയും അവരെ പ്രത്യേക സ്നേഹാദരവുകളോടെ സ്മരിക്കുകയും ചെയ്യുന്നു.

പ്രിയമുള്ളവരേ,

മനുഷ്യന്റെ സകല പ്രതീക്ഷകൾക്കും ചിന്തകൾക്കും മങ്ങലേൽപ്പിച്ച കോവിഡ് കാലഘട്ടത്തിൽ നിന്ന് തിളക്കമർന്ന കോവിഡാനന്തര ജീവിതത്തിലേക്ക് നമൊക്കെ വന്ന് ചേർന്നിരിക്കുന്നു. കോവിഡ് - 19 നമ്മെ പലതും പഠിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് പൂർണമായും അപ്രത്യക്ഷമായില്ലെങ്കിലും,കോവിഡാനന്തര ജീവിതം വൈതരണികളെ ഇനിയും എങ്ങനെ അതിജീവിക്കാം എന്നതിന്റെ വിചിന്തനനമായിരിക്കണം. വ്യക്തിബന്ധങ്ങൾക്കും സാമൂഹിക ചുറ്റുപാടുകൾക്കും ആരാധനയിടങ്ങൾക്കും വിദ്യാഭ്യാസ-തൊഴിൽ മേഖലകൾക്കും ഗണ്യമായ വ്യതിയാനങ്ങൾ സംഭവിച്ച ഇരുളഞ്ഞ കാലഘട്ടത്തിൽ നിന്ന് മാനവർ പുറത്തേക്ക് കടന്നുവന്നിരിക്കുന്നു. ഒരു പക്ഷെ ഈ കാലഘട്ടം ഏറ്റവുമധികം പ്രവർത്തന ക്ഷതമേൽക്കേണ്ടി വന്നത് യുവജനങ്ങൾക്കിടയിലായിരുന്നേക്കാം.



ജോലി സംബന്ധമായും വിദ്യാഭ്യാസപരമായും ജീവനപരവുമായ എല്ലാ സാധ്യതകളുടെയും വാതായനങ്ങൾ ഏറെ കുറെ അടഞ്ഞത് യുവജനങ്ങൾക്കിടയിൽ ആശങ്ക ഉളവാക്കിയിരുന്നു. എങ്കിലും മറുവശത്ത് സാമൂഹിക പ്രതിബന്ധതയോടെ മഴ കെടുതിയിലും കോവിഡ് കാലത്തും ക്രൈസ്തവ യുവജനങ്ങൾ പ്രതേകിച്ച് ഓർത്തഡോക്സ് ക്രൈസ്തവ യുവജനങ്ങൾ ചെയ്ത പ്രവർത്തനങ്ങൾ മാതൃകാപരവും ശ്ലാഘനീയവുമായിരുന്നു എന്നത് നമ്മുക്ക് അഭിമാനിക്കാവുന്നതാണ്. അത് ഒരു സമൂഹത്തിന്റെ സന്തുലനാവസ്ഥ നിലനിർത്തുന്നത് യുവജനങ്ങളുടെ സേവനാത്മകമായ പാഞ്ചജന്യം മുഴക്കിയിരിക്കുന്നു എന്ന് വേണം കരുതുവാൻ .

യൗവ്വനം എന്നത് സ്രഷ്ടാവിന്റെ പ്രത്യേക കൈയ്യൊപ്പ് രേഖപ്പെടുത്തിയ കാലഘട്ടമാണ്. ലോകം വച്ച് നീട്ടുന്ന നൈമിഷികമായ സുന്ദര സ്വപ്നങ്ങൾക്ക് നേരെ കണ്ണടയ്ക്കുവാനും എതിരെ ചലിക്കുവാനുമുള്ള അവസരമാണത്. ഒരു തരത്തിൽ പറഞ്ഞാൽ ഒഴുക്കിനെതിരെയുള്ള നീന്തലാണത്. ഒഴിക്കിനെതിരെ നീന്തണമെങ്കിൽ അദ്ധ്വാനവും ലക്ഷ്യബോധവും സ്വയ തീരുമാനങ്ങളും വ്യക്തിപരമായി

വ്യക്തമായി ഉണ്ടാകേണ്ടതായുണ്ടല്ലോ.

യുവാവായ ക്രിസ്തുവിനെ അനുകരിച്ചുകൊണ്ട് യുവജനങ്ങൾ യുവത്വത്തിന്റെ ഓജസ്സും ജീവിതമൂല്യങ്ങളും വേദനിക്കുന്നവർക്കും അടിച്ചമർത്തപ്പെട്ടവർക്കുമായി സാമൂഹിക പ്രതിബദ്ധതയോടെ പങ്കു വയ്ക്കണം. അത് ക്രിസ്തുവിന്റെ കർമ്മപദങ്ങൾക്കനുരൂപരായി പ്രവർത്തിക്കുവാൻ യുവജനങ്ങളെ പ്രബുദ്ധമാക്കും എന്നതിൽ രണ്ടഭിപ്രായം ഉണ്ടാകില്ല. യേശുവിന്റെ യൗവനം 'കൃപാവരപൂർണ്ണത' കൈവരിക്കാനുള്ള "പരിശീലന''ത്തിന്റെ കാലഘട്ടമായിരുന്നു. നമൊക്കെ ഈ പരിശീലന പ്രക്രിയയുടെ ഭാഗമാണ് എന്ന ബോധ്യം ഉണ്ടാകണം.

നമ്മുടെ ആത്മീയ സദസ്സിനെ പ്രോജ്വലപ്പിക്കുമ്പോഴാണ് ഭൗതികമായ എല്ലാ പ്രവർത്തനങ്ങൾക്കും പരിശീലനങ്ങൾക്കും നമുക്ക് ഊർജ്ജം ലഭിക്കുന്നത് . യുവജനങ്ങൾ ഭൗതികമായ നല്ല കാര്യങ്ങൾ ചെയ്യുന്നതോടൊപ്പം ആരാധനയിലും മറ്റ് ആധ്യാത്മിക കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ ചെലുത്തുന്നു എന്നതിന് യുവജനപ്രസ്ഥാനത്തിന്റെ കഴിഞ്ഞു പോയതും വരാനിരിക്കുന്നതുമായ ഈ വർഷത്തെ പ്രവർത്തനങ്ങൾ സാക്ഷ്യം നൽകുന്നുണ്ട്. ആഗസ്റ്റ് 15 ന് 'സ്നേഹജ്വാല ' മിക്ക ഭദ്രാസനാടിസ്ഥാനത്തിൽ നടത്തിയത് നമ്മുടെ രാജ്യത്തോടുള്ള സ്നേഹത്തിന്റെ നേർ സാക്ഷ്യമാണ്. കൂടാതെ സെപ്റ്റംബർ 4-11 വരെ യുവജന വാരമായി നാം ആചരിച്ചുവല്ലോ. മിക്ക ഭാഗങ്ങളിൽ സഗൗരവം ഭംഗിയായും ചിട്ടയായും പ്രസ്ഥാനത്തിലെ എല്ല പ്രവർത്തകരും ചേർന്ന് നിർവ്വഹിച്ചു എന്നതിൽ അഭിമാനിക്കുന്നു. സഭാപരമായും വേദ പുസ്തകപരവുമായ ആഴമാർന്ന പഠനത്തിന് 'ഉറവയിലേക്ക് ' എന്ന വേദ- വിശ്വാസ പഠനത്തിൽ എല്ലാ പ്രിയപ്പെട്ടവരും പങ്കാളികളാവുകയും പഠിക്കുകയും ചെയ്യണം. ആഴമാർന്ന പഠനമാണ് തീവ്രമായ സേവനം ചെയ്യാൻ നമ്മെ സജീവരാക്കുന്നത് എന്ന് ഓർമിപ്പിച്ച് കൊള്ളട്ടെ.

അതുപോലെ യുവജനപ്രസ്ഥാനം കേന്ദ്രതലത്തിൽ ആരംഭിച്ച തൊഴിൽ - ന്യൂനപക്ഷ സെൽ യുവജനങ്ങൾക്ക് സഹായകമായ ഒന്നാണ്. ജോലി സംബന്ധമായ ഗവൺമെന്റ് അറിയിപ്പുകൾ സ്വകാര്യ മേഖലകളിലെ തൊഴിലവസരങ്ങൾ , തൊഴിൽ അഭിമുഖങ്ങൾ എന്നിവ നൽകുന്നതാണ് ജോബ് സെൽ . അടുത്തയിടയിൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റ് പുറത്തുവിട്ട കണക്കുകൾ പ്രകാരം രാജ്യത്ത് തൊഴിലില്ലാത്തവരുടെ എണ്ണം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ രാജ്യത്തെ തൊഴിലില്ലാത്തവരുടെ എണ്ണം 11.3 കോടിയിലധികമാണ് എന്നത് നിരാശജനകമായ ഒന്നാണ്. നമ്മുടെ യുവതി യുവാക്കളുടെ ഭാവി ശോഭനമാക്കേണ്ടുന്ന ധാർമിക ബോധവും പ്രസ്ഥാന പ്രവർത്തനങ്ങളിലൂടെ സാധ്യമാകണം. ഈ ജോബ് സെൽ പരമാവധി എല്ലാ യുവതി - യുവാക്കളും പ്രയോജനപ്പെടുത്തണം.

ഒക്ടോബർ 3, 4, 5 തീയതികൾ മാവേലിക്കര ഭദ്രാസനം ആതിഥേയത്തിൽ 84 -ാ മത് രാജ്യാന്തര സമ്മേളനം നടക്കുകയാണല്ലോ. ഈ സമ്മേളനം വിജയപ്രദമാകുവാൻ എല്ലാവരുടെയും പ്രാർത്ഥനയും പങ്കാളിത്തവും ഉണ്ടാവണം. ഒരു ദുരിത കാലത്തിന്റെ ഗതകാല സ്മരണകളിൽ നിന്ന് നാം തിരിച്ച് വന്നിരിക്കുകയാണ്. അതുകൊണ്ട് തന്നെ ഈ വർഷത്തെ മുഖ്യ ചിന്താവിഷയം "പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങുവിൻ"(ഉല്പത്തി 8:16) എന്നതാണ്.പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങുവിൻ ...അതൊരു ദൈവീക ശബ്ദമാണ്. കോവിഡ് കാലത്ത് അവനവനാകുന്ന പെട്ടകത്തിലേക്ക് ചുരുങ്ങി പോകേണ്ടി വന്നവരാണ് നാമെല്ലാവരും . കോവിഡാനന്തരം അവനവനിൽ നിന്ന് പുറത്തിറങ്ങി പ്രവർത്തിക്കാനും സജീവരാകുവാനുമുള്ള അവസരം വന്നു ചേർന്നിരിക്കുകയാണ്. മഹാമാരിയാൽ നശിക്കാതിരിക്കാൻ നോഹയുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട സകല ചരാചരങ്ങളും പെട്ടകത്തിനുള്ളിൽ പ്രവേശിച്ചിരുന്നു. പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങുമ്പോൾ എല്ലാവരും കണ്ടത് പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും ആയിരുന്നു. മഹാവ്യാധിയാൽ ബന്ധിതമായിരുന്ന ജീവിത പെട്ടകത്തിൽ നിന്ന് നാമൊക്കെ പുറത്തിറങ്ങുമ്പോൾ നവ ചിന്തകളും നവോന്മേഷമായ പ്രവർത്തനങ്ങളുമാണ് എല്ലാ യുവജനങ്ങളും സ്പർശിച്ച് -ദർശിച്ച് അനുവർത്തിക്കേണ്ടത്.

അമേരിക്കൻ പ്രസിഡന്റായിരുന്ന ഫ്രാങ്ക്ളിൻ റൂസ്‌വെൽറ്റിന്റെ വാക്കുകൾ ഇപ്രകാരമാണ്. ""യുവത്വം എന്നത് സമ്പന്നനാകുവാനും ദരിദ്രരാകുവാനുമുള്ള ഏറ്റവും നല്ല സമയം കൂടിയാണ് (Youth is the best time to be rich;and the best time to be Poor). അതുകൊണ്ട് സമയം തക്കവിധം ഉപയോഗിക്കാനും പ്രയോജനപ്പെടുത്താനും യുവജനങ്ങൾ നിർബന്ധിതരാകണം.

ക്രൈസ്തവ സഭകളുടെ അടിസ്ഥാനവും മൂലക്കല്ലും ക്രിസ്തുവാണ്. സഭ ക്രിസ്തുവിന്റെ ശരീരവും (റോമ.12:5). ആ ശരീരത്തിന്റെ ഒരു അവയവം ആണ് സഭയിലെ യുവജനങ്ങൾ. ഈ ധാർമികമായ ആവിഷ്കാര ബോധ്യം സഭയുടെയും ലോകത്തിന്റെയും പ്രതീക്ഷയും, നരകുലത്തിന്റെ ഭാവിയുമായ യുവജനങ്ങളെ ഭരിക്കുവാനിടയാകട്ടെ.

## ജനറൽ സെക്രട്ടറിയുടെ കത്ത്...



**ഫാ. അജി കെ. തോമസ്**
ജനറൽ സെക്രട്ടറി

# പ്രാർത്ഥിക്കാം പ്രതിരോധിക്കാം പ്രവർത്തിക്കാം

കാലത്തിന് തടയാനാവാത്ത പ്രവാഹത്തെ സൂചിപ്പിച്ച് കൊണ്ട് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം അതിന്റെ പുതിയ വർഷത്തിലേക്ക് പ്രവേശിച്ചു. പ്രാർത്ഥിക്കാം, പ്രതിരോധിക്കാം, പ്രവർത്തിക്കാം എന്നീ വാക്കുകളിൽ അടിസ്ഥാനമായി ദുരന്ത കാലത്തെ അതിജീവിക്കുന്നതിന് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാ കേന്ദ്ര - റീജണൽ - ഭദ്രാസന - മേഖല - ഡിസ്ട്രിക്റ്റ് - യൂണിറ്റ് പ്രവർത്തകരെ അനുമോദിക്കുന്നു.

**യൂണിറ്റ് രജിസ്ട്രേഷൻ**

2022 - 2023 വർഷത്തെ രജിസ്ട്രേഷൻ ആരംഭിച്ചു. ഇന്ത്യയിലെ യൂണിറ്റുകൾക്ക് 350 രൂപയും വിദേശത്തെ യൂണിറ്റുകൾക്ക് 4000 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. 2022 സെപ്റ്റംബർ 30 ന് മുമ്പായി ആ യൂണിറ്റിന്റെ രജിസ്ട്രേഷൻ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

പല യൂണിറ്റുകൾക്ക് ബാങ്ക് അക്കൗണ്ട് നടത്തേണ്ടതുൾപ്പെടെ ധാരാളം പ്രയാസങ്ങൾ ഉണ്ടാകുന്നതിനാൽ ആ കാര്യങ്ങൾ ഏകീകരിക്കുന്നതിന്റെ പ്രാഥമിക നടപടിയുമായി ഈ വർഷം മുതൽ യൂണിറ്റ് രജിസ്റ്റർ ചെയ്യുമ്പോൾ ആ യൂണിറ്റിന് സ്ഥിരമായി ഒരു നമ്പർ എന്ന വിധത്തിൽ രജിസ്ട്രേഷൻ കാർഡ് നൽകുന്നതിന് കേന്ദ്ര കമ്മിറ്റി നിശ്ചയിച്ചിട്ടുണ്ട്.

**ഉറവയിലേക്ക് (വേദ - വിശ്വാസ പഠന പദ്ധതി)**

ഉറവയിലേക്ക് വേദ - വിശ്വാസ പഠന പദ്ധതി നാലാം വർഷത്തെ പരീക്ഷയിൽ പങ്കെടുത്ത എല്ലാവരേയും അനുമോദിക്കുന്നു. കേന്ദ്ര തലത്തിൽ യുവദർശൻ 1, 2, 3 അവാർഡുകളും ഭദ്രാസന തലത്തിൽ 1, 2 സ്ഥാനങ്ങൾ കരസ്ഥമാക്കിയവരെയും പരീക്ഷയിൽ പങ്കെടുത്ത എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. യുവജനപ്രസ്ഥാനം മുൻ ജനറൽ സെക്രട്ടറി വെരി. റവ. മാത്യു വൈദ്യൻ കോർ എപ്പിസ്ക്കോപ്പാ രചിച്ച 70 ചോദ്യങ്ങൾക്ക് ഉത്തരം എന്ന പുസ്തകത്തിലെ ഒൻപത് ഭാഗങ്ങളും വി. മത്തായിയുടെ സുവിശേഷവുമായിരുന്നു പഠന വിഷയം. പഠന പരീക്ഷ ക്രമീകരണങ്ങൾക്ക് സഹായിച്ച ഡോ. കെ. എൽ. മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പാ, റവ. ഫാ. എൽവിൻ തോമസ്, കൊട്ടാരക്കര - പുനലൂർ ഭദ്രാസന കേന്ദ്ര അസംബ്ളി അംഗം ജെയ്സൺ ജേക്കബ്, പരീക്ഷ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ഭദ്രാസന ചുമതലക്കാർ, സ്വദേശത്തും വിദേശത്തുമുള്ള യൂണിറ്റ് ചുമതലക്കാർ, UAE സോൺ ഭാരവാഹികൾ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

**ഉറവിയിലേക്ക് അഞ്ചാം വർഷത്തെ സിലബസ്**

- ഡോ. കെ. എൽ മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ രചിച്ച 70 ചോദ്യങ്ങൾക്ക് ഉത്തരം എന്ന പുസ്തകത്തിൽ നിന്നുള്ള പഠന ഭാഗങ്ങൾ
- പാരമ്പര്യങ്ങൾ സഭയിൽ പ്രധാനമാണ് എന്തുകൊണ്ട്
- ധൂപമർപ്പിച്ച് പ്രാർത്ഥിക്കേണ്ടത് ആവശ്യമോ. ദൈവം ത്രീയേക ദൈവമാണ് എന്ന് സഭ വിശ്വസിക്കുന്നത് എന്തുകൊണ്ട് ?
- വി. കന്യക മറിയാമിന്റെ സ്ഥാനം പ്രാധ്യാനവും കൃപ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയുടെ വേദാടിസ്ഥാനമെന്ത് ?
- കുരിശ് വണങ്ങുന്നത് എന്തുകൊണ്ട് ?
- ആരാധനാ ഗീതങ്ങളുടെ വേദാടിസ്ഥാനം
- ഉൽപ്പത്തി പുസ്തകം

ഈ പഠനത്തിൽ പങ്കെടുക്കുന്നതിന് ആഗ്രഹിക്കുന്നവരുടെ പേരുകൾ, വാട്സ് ആപ് നമ്പർ എന്നിവ സഹിതം അതാത് ഭദ്രാസന സെക്രട്ടറി മുഖേന സെപ്റ്റംബർ 30 ന് മുമ്പായി നൽകണം. പരീക്ഷ ഡിസംബറിൽ നടത്തുന്നതാണ് .

**84 - മത് രാജ്യാന്തര സമ്മേളനം 2022 ഒക്ടോബർ 3,4,5 തീയതികളിൽ മാവേലിക്കരയിൽ.**

ദൈവഹിതമായാൽ നമ്മുടെ രാജ്യാന്തര വാർഷിക സമ്മേളനം 2022 ഒക്ടോബർ 3, 4, 5 തീയതികളിൽ മാവേലിക്കര ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തുകയാണ്. പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങുവിൻ (Go out of the Ark, Gensis 8:16) എന്നതാണ് മുഖ്യ ചിന്താവിഷയം. ഇടവകയിലെ ഓരോ യൂണിറ്റിൽ നിന്നും ഒരു യുവതി ഉൾപ്പടെ 2 പ്രതിനിധികൾ (ഒരാൾ യൂണിറ്റ് പ്രധാന ഭാരവാഹിയായിരിക്കണം) പള്ളിച്ചിലവിൽ വന്നു സംബന്ധിക്കണം.

ഇത് സംബന്ധമായി അഭി. പ്രസിഡന്റ് തിരുമേനിയുടെ കൽപന ഇതോടൊപ്പം ബഹു. വികാരിമാർക്കു അയയ്ക്കുന്നു. ബഹു. അച്ചന്മാർ ഈ സർക്കുലറിന്റെ ഒരു കോപ്പി എല്ലാ യൂണിറ്റിനും നൽകണമേ.

രജിസ്റ്റർ ചെയ്യേണ്ട വിധം


1. ഔദ്യോഗിക വെബ് സൈറ്റായ www.ocym online.org, indianocym@gmail.com

2. യൂണിറ്റ് സെക്രട്ടറി അതാത് ഭദ്രാസന സെക്രട്ടറി മുഖേന രെജിസ്ട്രേഷൻ നടത്താവുന്നതാണ്.

3. ആതിഥേയർക്കു പല കാര്യങ്ങളും നമുക്കുവേണ്ടി ഭംഗിയായി ക്രമീകരിക്കുന്നതിന് 2022 സെപ്റ്റംബർ 20 നു മുമ്പായി രജിസ്റ്റർ ചെയ്യണം. ഇതു സംബന്ധിച്ച അന്വേഷണത്തിനു ഷിബു മാത്യു (ഓഫീസ് സെക്രട്ടറി 9947465258,8089895258) 4.രെജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 500 രൂപ .ഫീസ് സമ്മേളനത്തിൽ സംബന്ധിക്കുവാൻ എത്തുമ്പോൾ നൽകിയാൽ മതിയാകും

**Orthodox Christian Youth Movement Official Facebook Page**

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ഔദ്യോഗിക ഫെയ്സ് ബുക്ക് പേജാണ് Orthodox Christian Youth Movement Official Facebook Page ഇതിൽ നമ്മുടെ എല്ലാ അംഗങ്ങളും ചേരുകയും യൂണിറ്റ്, ഭദ്രാസന വാർത്തകൾ അതിൽ പ്രസിദ്ധീകരിക്കുവാൻ 9496466192,9496367840, 9946291947,8848302389,9744044097,9188692156 എന്നീ വാട്സ് അപ് നമ്പറു കളിലേക്കു അയച്ചു നൽകണമെന്നും അറിയിക്കുന്നു.



## മുഖമൊഴി

# പ്രത്യാശയുടെ സഹയാത്രികർ



ഫാ.ലൂക്ക് ബാബു (യൂഥിക)
ചീഫ് എഡിറ്റർ

യൗവ്വനം ദുർബലതയുടെ ബാല്യത്തിനും അവശതയുടെ വാർദ്ധക്യത്തിനും ഇടയിലുള്ള ഊർജ്ജസ്വലതയുടെ ഘട്ടമാണ്. ഭാവിയുടെ വാഗ്ദാനങ്ങളാണ് യൗവ്വനക്കാർ ഒരു രാജ്യത്തിന്റെയോ, സമൂഹത്തിന്റെയോ, സഭയുടയോ നിലനിൽപ്പിന് യൗവ്വനക്കാരെ കൂടാതെ കഴിയില്ല എന്നതാണ് സത്യം. എന്നാൽ ഇന്ന് കാലം മാറിയിരിക്കുന്നു ....നവയുഗ സൃഷ്ടിയുടെ വ്യഗ്രതയിൽ ധാർമ്മിക മൂല്യങ്ങളുടെ അനർഘ രത്നങ്ങൾ അവഗണനയുടെ അധമപാതളത്തിലുപേക്ഷിക്കുന്നു. ഭൗതിക നേട്ടങ്ങളുടെ മാസ്മരിക പ്രപഞ്ചത്തിൽ പ്രവേശിക്കുന്ന ആധുനീക യുവതി യുവാക്കൾക്ക് പ്രത്യാശയുടെ പുൽനാമ്പിനെക്കാൾ ക്ഷണിക നേട്ടങ്ങളുടെ വടവൃക്ഷത്തെയാണ് പലപ്പോഴും ആശ്രയിക്കുന്നത്. ഇത് കാലഘട്ടത്തിന്റെ മാസ്മരിക വിസ്മയം തന്നെയാണ്.

കടലിൽ വലിയ ഓളം ഉണ്ടായിട്ട് ക്രിസ്തുവും ശിഷ്യരും സഞ്ചരിച്ച പടക് തിരകളാൽ മുങ്ങുമാറായി. ഈ അവസരത്തിൽ ക്രിസ്തുവിന്റെ അടുക്കൽ ശിഷ്യർ ആവലാതി പറഞ്ഞപ്പോൾ മയക്കത്തിൽ നിന്നുണർന്ന കർത്താവ് അവരോട് പറഞ്ഞത്

“അല്പവിശ്വാസികളെ, നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്തു” എന്നാണ്. അതിന് ശേഷം അവൻ കാറ്റിനെ ശാന്തമാക്കുന്നുമുണ്ട്.(വി.മത്തായി 8:24 -

26) ഭീരുകളുടെ സവിശേഷത പ്രത്യാശയുടെ ചെറു തിരിനാളം തെളിയിക്കില്ല എന്നും അവരുടെ സുവിശേഷം നിഷേധാത്മകതയുടേതുമാണ്. നിങ്ങൾ പ്രത്യാശയുള്ളവരും ഊർജ്ജസ്വലരും ആത്മവിശ്വാസമാർജ്ജിച്ചവരുമാകണ മെന്നുള്ള പ്രായോഗിക തത്വം ക്രിസ്തു ശിഷ്യന്മാരോട് വിളിച്ചു പറയുന്നുണ്ട്. അത് യുവജനങ്ങൾക്കും അനുകരണീയമാണ്.

ജീവിതവും പ്രവൃത്തിയും നിറഞ്ഞ പടകിൽ പ്രത്യാശയോടെ മുന്നോട്ട് പോകുമ്പോൾ ലോകത്തിന്റേതായ ക്രൂര കൊടുങ്കാറ്റ് ആഞ്ഞടിക്കുന്ന വേളയിൽ പ്രത്യാശയുടെ ചെറു കിരണത്തെ ദർശിക്കാതെ ആവലാതിയുടെ പിന്നാമ്പുറങ്ങൾ തേടുന്നു എന്നത് ആധുനികതയുടെ അടയാളമായിരിക്കുന്നു. ജീവിതമാകുന്ന തോണിയുടെ അരികിലെവിടെയോ പ്രത്യാശയുണ്ടെന്നും അത് തങ്ങൾക്ക് ഇടം നൽകുമെന്നും അതിൽ പിടിച്ചു കര കേറാമെന്നും യുവജനങ്ങൾ കരുതേണം. ബാല്യം വിടരുന്ന പൂമൊട്ടുകളും വാർദ്ധക്യം ഗതകാല സ്മരണകളുടെതുമാണ് എന്നാൽ യൗവ്വനം പൂർണ്ണമായി വിടർന്ന പൂവിന്റെ തിളക്കവും സൗരഭ്യവും ഉണ്ട് . അവിടെ നിശ്ചയദാർഢ്യമായ പ്രത്യാശ അനിവാര്യവുമാണ്.

അതിനാൽ ജീവിതത്തിൽ ലോകത്തിന്റേതായ തിരമാലകൾക്കെതിരെ നീന്തേണ്ടി വന്നാലും പ്രതിസന്ധിയുടെ കൊടുങ്കാറ്റടിച്ചാലും ലോലമായ മൂല്യങ്ങളും, ആശയങ്ങളും വഴിതെറ്റിക്കുമ്പോഴും കുടുംബം, വിശ്വസ്തത, വിശ്വാസം, സ്നേഹം, ത്യാഗം, സേവനം, നിത്യജീവൻ എന്നീ പതറാത്ത മൂല്യങ്ങളിൽ മുറകെപ്പിടിച്ചു ജീവിക്കാനും ജീവിതത്തിൽ മുന്നോട്ടുപോകുവാനു യുവജനതയ്ക്ക് സാധ്യമാവണം. ഒരർത്ഥത്തിൽ പ്രത്യാശയുടെ സഹയാത്രികരാവുക എന്നതാവണം യുവജനങ്ങളുടെ ആപ്തവാക്യം.

> ജീവിതത്തിൽ ലോകത്തിന്റേതായ തിരമാലകൾക്കെതിരെ നീന്തേണ്ടി വന്നാലും പ്രതിസന്ധിയുടെ കൊടുങ്കാറ്റടിച്ചാലും ലോലമായ മൂല്യങ്ങളും, ആശയങ്ങളും വഴിതെറ്റിക്കുമ്പോഴും കുടുംബം, വിശ്വസ്തത, വിശ്വാസം, സ്നേഹം, ത്യാഗം, സേവനം, നിത്യജീവൻ എന്നീ പതറാത്ത മൂല്യങ്ങളിൽ മുറകെപ്പിടിച്ചു ജീവിക്കാനും ജീവിതത്തിൽ മുന്നോട്ടുപോകുവാനു യുവജനതയ്ക് സാധ്യമാവണം.

യുവജന പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ ചിന്താവിഷയം "പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങുവിൻ " എന്നതാണല്ലോ. ഇത് ഒരു പ്രത്യാശയുടെ വാതായനമാണ്. സകല ബന്ധനങ്ങളിൽ നിന്നുമുള്ള പുറത്തുകടക്കലാണ് നാം ആർജ്ജിക്കേണ്ടത്. മാനസികവും ശാരീരികവും ഭൗതികവും ചിന്തനീയവുമായ പലതിൽ നിന്നും പ്രത്യാശ നിർഭരമായ പുറത്തുകടക്കൽ ഇന്നിന്റെ അനിവാര്യമായിരിക്കുന്നു.

പ്രിയമുള്ളവരെ കുറച്ച് നാളത്തെ ഇടവേളയ്ക്ക് ശേഷം ' യുവജനം ' ത്രൈമാസിക നിങ്ങളുടെ കരങ്ങളിലേക്ക് സന്തോഷത്തോടെ സമർപ്പിക്കുകയാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ മറ്റ് എല്ലാ പ്രവർത്തനങ്ങളെ പോലെ ത്രൈമാസികയുടെ പ്രവർത്തനങ്ങൾ തുടരുവാൻ സാധ്യമായില്ല എന്നത് ഏവർക്കും അറിവുള്ളതാണല്ലോ. അവസാനമായി ത്രൈമാസിക 2020 നവംബർ മാസമാണ് (വാല്യം 11 ലക്കം 5) ഇറക്കിയത്. യുവജനം ത്രൈമാസികയുടെ വളർച്ചയ്ക്കും നന്മയ്ക്കുമായി നാളിതുവരെ പ്രവർത്തിച്ച മുൻഗാമികളായ സ്നേഹിതരായ എല്ലാ ഭാരവാഹികളെയും നന്ദിയോടെ സ്മരിക്കുന്നു. പ്രത്യേകിച്ച് മുൻഗാമികളായ എന്റെ പ്രിയ സതീർത്ഥർ തോമസ് രാജു അച്ചനും (ചീഫ് എഡിറ്റർ) സുനു അച്ചനും (പബ്ലിഷർ) സ്നേഹാദരവ് സമർപ്പിക്കുന്നു. നമ്മുക്ക് പ്രത്യാശയുടെ സതീർത്ഥരായി യുവജനപ്രസ്ഥാനത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ പങ്കുകാരാകാം .....

ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ

സ്നേഹപൂർവ്വം

ഫാ.ലൂക്ക് ബാബു (യൂഥിക)
ചീഫ് എഡിറ്റർ



# സ്വാതന്ത്ര്യം
## ജീവിത വീക്ഷണത്തിൽ...



**ഫാ. ഗീവർഗ്ഗീസ് കോശി കറ്റാനം**
വൈസ് പ്രസിഡന്റ്

ആഗോളവത്കരണം രാജ്യങ്ങൾ തമ്മിലുള്ള അതിർത്തികൾ ഇല്ലാതാക്കായിട്ടുണ്ട്. ലോകത്തിന്റെ ഏത് കോണിൽ നിന്നും എന്തും ഇന്ന് എല്ലാവർക്കും പര്യാപ്തമാകുന്നു എന്നതാണ് അതിന്റെ വ്യാപ്തി. ഒരർത്ഥത്തിൽ ലോകം മനുഷ്യന്റെ ചിന്താശക്തിയ്ക്കും ഇച്ഛാശക്തിയ്ക്കും മുമ്പിൽ ചെറുതായി എന്നു വേണം കരുതുവാൻ. ലോകാതിർത്തികളുടെ വിശാലത ഭൗതീക കെട്ടുപാടുകളിൽ മാത്രമാണ്. എന്നാൽ മനുഷ്യന്റെ ജീവിത ശൈലിയ്ക്കും അവന്റെ ആഗ്രഹങ്ങൾക്കും അതിർത്തികൾ ഇല്ല എന്നു തന്നെ പറയാം. പഴയ മനുഷ്യൻ നന്മ - തിന്മകളുടെയും ആഗ്രഹ ങ്ങളുടെയും അഭിലാഷങ്ങളുടെയും ജീവിത വിക്ഷണങ്ങളുടെയും അതിർ വരമ്പുകൾ മുന്നിൽ കണ്ടവരായിരുന്നു. ഇന്നിന്റെ യുഗത്തിൽ അതിർ വരമ്പുകൾ അഥവ limitations ഇല്ല .... സ്വാതന്ത്ര്യം എന്ന ചിന്താസര ണിയിലൂടെ ചരിക്കുന്ന പുതുതലമുറ അതിർ വരമ്പിന്റെ ലാഞ്ചനയിൽ അഭിരമിക്കുന്നവരല്ല.

ഇഷ്ടമുള്ളത് തിന്നാം കുടിക്കാം കാണാം അവനവന്റെ ഇഷ്ടാനുസരണം ജീവിക്കാം ... ഈയൊരു സങ്കല്പ വൈകാരികത വാണിജ്യവത്കരണം ലോകത്തിന് നൽകിയ ഉപോൽപന്നമാണ്, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ. ഈ പരിഷ്കരണ മാറ്റം ദൈവിക വചനപ്രകാരം തിന്മയാണ്. എങ്കിലും ഇത് വ്യക്തിസ്വാതന്ത്രത്തിന്റെ വിക്ഷണ കോണിലേക്ക് തഴയപ്പെട്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ദൈവം വെറുത്തതിനെ മനുഷ്യൻ സ്വതന്ത്രമാക്കി സ്വീകരിക്കുന്നതിലൂടെ മറ്റൊരു തലത്തിലേക്ക് ലോകവും അതിൽ അതിവസിക്കുന്ന മാനവനും മാറുകയാണ്.

ക്രൈസ്തവ ജീവിതം സ്വാതന്ത്ര്യത്തിന്റെ ജീവിതമാണ്. എന്നാൽ ആ

സ്വാതന്ത്ര്യം ദൈവ നിയതമായ പരിധിക്കുള്ളിൽ നിന്ന് ജീവിതത്തെ ക്രമീകരിക്കാനുള്ള സന്നദ്ധത ആവശ്യമാണ്. ലൈംഗികതയും , സമ്പത്തും ഇന്നത്തെ യൗവനങ്ങളെ അസ്ഥിരമായി ആനന്ദിപ്പിക്കുന്ന ഘടകങ്ങളായിരിക്കുന്നു. അധ്വാനിക്കാതെ സമ്പത്ത് നേടാനും വൈവാഹിക കൂദാശ കൂടാതെ ലൈംഗീക സഹവർത്തിത്വം അനുഭവിക്കാനും ലഹരിയിലൂടെ ആനന്ദ ഭ്രമം എങ്ങനെ നിലനിർത്താമെന്നുമുള്ള ആദർശ വാദമുഖങ്ങൾ ഇന്ന് യുവതി - യുവാക്കളിൽ പ്രകടമായിരിക്കുന്നു. ലഹരി ചെറു ബാലകരിൽ നിന്നും ആരംഭിക്കുന്നതിന്റെ ജല്പന തിരയിളക്കം സമൂഹത്തിൽ അലയടിച്ചു കൊണ്ടിരിക്കുന്നു. സ്കൂളും പരിസരങ്ങളും ഇന്ന് വിദ്യയുടെ പ്രതിധ്വനിയേക്കാൾ ലഹരിയുടെ ഓളങ്ങളിൽ മയങ്ങി പോയിരിക്കുന്നു. മാനമില്ലാത്തതെല്ലാം മൗനമായി സ്വീകരിക്കുന്ന സംസ്കാരത്തിന്റെ ഇരകളായി യുവതലമുറ മാറുന്നു എന്നത് ഭയനകമാണ്. ധാർമികത നശിച്ച മാധ്യമ രീതി , ഭ്രമിപ്പിക്കുന്ന സൗന്ദര്യ മത്സരങ്ങളും , ലഹരി മാഫിയാകളുടെ വിളയാട്ടങ്ങളും ,അക്രമ രാഷ്ട്രീയ അരാചകത്വങ്ങളും മനാവരാശിയിൽ മനുഷ്യത്വം നശിച്ച് മൃഗീയതയുടെ തുല്യാവകാശികളാക്കിയിരിക്കുന്നു."Use and throw " എന്ന ഈ ശൈലി ഉത്തരാധുനികതയുടെ വിസ്ഫോടനാത്മകമായ സംസ്കാരം എന്ന് മാത്രമേ പറയാൻ കഴിയുള്ളു. ഉത്തരാധുനികതയുടെ മാസ്മരികതയിൽ ഈശ്വര നിഷേധ ചിന്തയും ഭൗതികവാദ പരമ്പരയും സുരഭിലമായിരിക്കുന്നു.

> “
> **ലോകത്തെ മുഴുവൻ നയിക്കുവാനും നിയന്ത്രിക്കുവാൻ പോലും ഒരു വിരൽ തുമ്പിന്റെ ശക്തി മാത്രം മതിയെന്ന മനുഷ്യന്റെ ധാർഷ്ട്യം വല്ലാതെ ശക്തി പ്രാപിക്കുന്നുണ്ട്. എങ്കിലും അവനവനിലെ പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള കേവല ശക്തി പോലും മനുഷ്യ മനസിന് പലപ്പോഴും ഇല്ല**

ഇൻഫർമേഷൻ ടെക്നോളജിയും ബയോ ടെക്നോളജിയും നാനോ ടെക്നോളജി പുതുമയുള്ള ഓരോ മേച്ചിൽ പുറങ്ങളിലേക്ക് , വിസ്മയങ്ങളുടെ കാണാപുറങ്ങളിലക്ക് മനുഷ്യ കുലത്തെ നയിക്കുന്നു എന്നത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ലോകത്തെ മുഴുവൻ നയിക്കുവാനും നിയന്ത്രിക്കുവാൻ പോലും ഒരു വിരൽ തുമ്പിന്റെ ശക്തി മാത്രം മതിയെന്ന മനുഷ്യന്റെ ധാർഷ്ട്യം വല്ലാതെ ശക്തി പ്രാപിക്കുന്നുണ്ട്. എങ്കിലും അവനവനിലെ പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള കേവല ശക്തി പോലും മനുഷ്യ മനസിന് പലപ്പോഴും ഇല്ല എന്നത് മറ്റൊരു വശമാണ്. അതിന്റെ ദൃക്സാക്ഷികളും ഇരകളും കൂടുതലും യൗവനക്കാരാണെന്നുള്ളത് യാഥാർത്ഥ്യവുമാണ്. അമേരിക്കൻ മുൻ പ്രസിഡന്റ് ജോൺ എഫ് കെന്നഡിയുടെ വ്യക്തിപരമായ പ്രാർത്ഥനയോട് യുവാക്കൾ സമരസപ്പെടേണ്ടത് ഇന്നിന്റെ ആവശ്യമാണ്.' ജീവിതം സുഖകരമാകണേമെ എന്നല്ല ജീവിതത്തിലെ പ്രതിസന്ധികള തരണം ചെയ്യാൻ ശക്തനാക്കണമേ ' എന്ന രീതിയിലുള്ള പ്രാർത്ഥന അനിവാര്യമായിരിക്കുന്നു. ശക്തരാക്കേണമേ എന്ന പ്രാർത്ഥന നിരന്തരം യുവാക്കളിൽ അങ്കുരിക്കണം. അവിടെയാണ് നാം ജീവിതത്തിന്റെ സ്വാതന്ത്രം അനുഭവിക്കുന്നത്. കാരണം യൗവനത്തിലെ ചില നിലപാടുകൾ ആണ് ശിഷ്ടകാലത്തെ മുഴുവൻ കാര്യങ്ങളെയും നിർണയിക്കുവാൻ പര്യാപ്തമാകുന്നത്. കാലത്തിന്റെ മാറ്റങ്ങൾ കാണുവാനും സമൂഹത്തിലെ വിലാപങ്ങൾ കേൾക്കുവാനും സംസ്കാരത്തിന്റെ അപായങ്ങൾ മനസിലാക്കുവാനും നാളയുടെ നന്മയിലേക്കുള്ള ദിർഘവിക്ഷണത്തിനും തിന്മയുടെ പടവാളിനെതിരെ ആർജ്ജവത്തിന്റെ പരിചയെടുക്കുവാനും നമ്മളിൽ നിലനിൽക്കുന്ന നീതിയുക്തമായ സ്വാതന്ത്ര്യത്തെ പ്രയോജനപ്പെടുത്തുവാൻ ഓരോ യുവതി - യുവാക്കളും സജ്ജരാക്കേണം.



# നന്ദിപൂർവ്വം ഒരു വാക്ക്

**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ**

> ദൈവഹിതപ്രകാരമുള്ള ഒരു പുനർനിർമ്മിതിക്കു പലതും സജീവമാക്കുവാൻ, ശക്തമാക്കുവാൻ ഭൂമിയെ വീണ്ടെടുക്കുവാൻ കടന്നു വരണം.

ദൈവതിരുനാമത്തിനു മഹത്വം
യേശുക്രിസ്തുവിൽ ഏവർക്കും സ്നേഹ വന്ദനം

ദൈവകൃപയാൽ 2017-22 കാലഘട്ടം ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി പ്രവർത്തിപ്പാൻ ദൈവം ഒരവസരം തന്നതു നന്ദിപൂർവ്വം സ്മരിക്കുന്നു. വൻകാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞു എന്നവകാശപ്പെടുന്നില്ല. പ്രകൃതിക്ഷോഭം-പ്രളയം, കോവിഡ് 19 എന്ന മഹാമാരിയും അനുബന്ധ പ്രതിസന്ധികളുമെല്ലാം പ്രവർത്തനത്തെ സാരമായി ബാധിച്ചു. പ്രതിസന്ധികളുടെ നടുവിൽ പ്രവർത്തകരും യൂണിറ്റുകളും സന്ദർഭോചിതമായി ഉണർന്നു പ്രവർത്തിച്ചതു വലിയ സാക്ഷ്യം തന്നെയാണ്. ആത്മപ്രശംസയ്ക്ക് വക നൽകുന്നത് ഒഴിവാക്കുന്നു. യൂണിറ്റു തലം മുതൽ കേന്ദ്രസമിതിവരെയുള്ളവർ നൽകിയ പ്രാർത്ഥനാപൂർവ്വമായ സഹകരണങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. പ്രസ്ഥാനത്തിന്റെ പുതിയ പ്രസിഡന്റ് അഭി. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനിയുടെ നേതൃത്വം പ്രസ്ഥാനത്തിന്റെ കാലോചിതമായ പ്രവർത്തനങ്ങൾക്കു കൂടുതൽ അനുഗ്രഹകരമാകട്ടെ എന്നാശംസിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷ കാലം പ്രധാന സഹപ്രവർത്തകരായിരുന്നത് ഒരേ സെക്രട്ടറിയും

(റവ.ഫാ. അജി.കെ.തോമസ്) ഒരേ ട്രഷററാറും (ശ്രീ. ജോജി പി. തോമസ്സ്) ആയിരുന്നു എന്നത് ഏറെ ഗുണകരമായിരുന്നു. വൈസ് പ്രസിഡന്റുമാരായിരുന്ന റവ.ഫാ. ഫിലിപ്പ് തരകനും, റവ.ഫാ. വർഗ്ഗീസ് റ്റി. വർഗ്ഗീസും തങ്ങളാൽ കഴിയുന്ന വിധത്തിലുള്ള കൈതാങ്ങൽ തന്നു. ഒരിക്കലും മറക്കാനാവാത്ത സഹകരണത്തിന്റേയും ഐക്യത്തിന്റേയും ആത്മസന്തോഷത്തിന്റെയും കാലമായിരുന്നു എന്നു പറയാതിരിക്കുവാൻ നിർവ്വാഹമില്ല.

കൊറോണ വൈറസിന്റെ ഭീഷണി ഭൂമുഖത്തു നിന്നും പൂർണ്ണമായി മാറിയിട്ടില്ലല്ലോ? കൊറോണ കാലഘട്ടം പല കാര്യങ്ങളും നമ്മെ പഠിപ്പിച്ചു. പ്രധാനമെന്നു കരുതുന്ന ചിലതു ചൂണ്ടി കാട്ടട്ടെ:-

(1) ഏറെ അത്യാവശ്യമെന്നും ഒഴിവാക്കാൻ കഴിയില്ലെന്നും കരുതിയ പലതും അത്രമേൽ ആവശ്യമുള്ളവയല്ല എന്നും ഒഴിവാക്കാനാവുന്നതാണെന്നും ബോധ്യപ്പെട്ടു.
(2) സ്ത്രീകൾ മാത്രമല്ല പുരുഷന്മാരും വീട്ടിലിരിക്കണമെന്നുള്ള അവസ്ഥ വന്നു.(Work from home)
(3) ആഘോഷങ്ങൾക്കു നിയന്ത്രണമുണ്ടായി.
(4) പെരുന്നാളുകൾ പോലുള്ളവ 'ഇങ്ങനെയും' ആകാം എന്നു തിരിച്ചറിഞ്ഞു.
(5) നിസ്സാരമെന്നു കണ്ടിരുന്ന ജലദോഷത്തെപോലും ഭയന്നു.

എന്നാൽ വലിയ പ്രത്യാഘാതം സൃഷ്ടിച്ചത് ആത്മീക മേഖലയാണ്.

(1) ആരാധനയിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞു പ്രത്യേകിച്ച് യുവതലമുറയുടെ
(2) ആത്മീയ സംഘടനകൾ പലതും ശുഷ്കമായി.
(3) മനുഷ്യബന്ധങ്ങളിലെ ഊഷ്മളത നഷ്ടമായി. ആർക്കും ആരോടും അടുപ്പമില്ലാതായി ; അടുത്ത ബന്ധുക്കൾക്കുപോലും
(4) അമിതമായ 'ഇന്റർനെറ്റ് 'ആശ്രയത്വം സൃഷ്ടിക്കുന്ന അനന്തരഫലങ്ങൾ അപകടകരമായി വർദ്ധിച്ചു. ഇതു പോലെ തന്നെ ഗൗരവമായ ഒരു പ്രതിസന്ധിയാണ് പഠനാർത്ഥമുണ്ടാകുന്ന പലായനങ്ങൾ (ഉദ്യോഗാർത്ഥവും)

ഭൗതീകതയുടെ അതിപ്രസരവും തന്മൂലമുണ്ടാകുന്ന ആത്മീയ വിരസതയും നിസ്സാരമല്ല. പെട്ടന്നു മനസ്സിൽ ഉയർന്ന ചില കാര്യങ്ങൾ പങ്കുവെച്ചു എന്നു മാത്രം. ഈ വിഷയങ്ങൾ ഗൗരവപൂർവ്വം കണ്ടു, ദൈവീകമായി പ്രതികരിക്കുവാൻ OCYM നു കഴിയണം.

ക്രിസ്തു കേന്ദ്രീകൃതമായ ജീവിതത്തിനു ഊന്നൽ നൽകുന്ന വിഷയങ്ങളായിരുന്നു കഴിഞ്ഞ കാലങ്ങളിലെ ചിന്താവിഷയമായി എടുത്തിരുന്നത്. ഈ വർഷം ഉൽപ്പത്തി പുസ്തകം 8:16 ആണല്ലോ ചിന്താവിഷയമായി എടുത്തിരിക്കുന്നത്. പെട്ടകത്തിലുണ്ടായിരുന്ന നോഹയോടും കുടുംബത്തോടും ദൈവം നടത്തുന്ന ആഹ്വാനമാണ് ചിന്താവിഷയം. "പെട്ടകത്തിൽ നിന്നും പുറത്തിറങ്ങുവീൻ" പ്രളയത്തിനു മുമ്പുള്ള ആഹ്വാനം "പെട്ടകത്തിൽ കടക്കുക" (go in to the ark) (7:1) എന്നതായിരുന്നെങ്കിൽ പ്രളയാനന്തര ആഹ്വാനം Come out of the ark ("പെട്ടകത്തിൽ നിന്നും പുറത്തിറങ്ങുക") എന്നതായിരുന്നു. രണ്ടും ദൈവം നൽകിയ ആഹ്വാനങ്ങളാണ്. പെട്ടകത്തിൽ നിന്നിറങ്ങിയ നോഹ ആദ്യം ചെയ്തതു യാഗപീഠം പണിതു ബലി അർപ്പിക്കുകയായിരുന്നു. (വാക്യം :20) ദൈവശബ്ദത്തിനും ദൈവനിയോഗത്തിനും ദൈവഹിതത്തിനും വിധേയപ്പെട്ടു ജീവിക്കുന്ന ഒരു കുടുംബനാഥനും അവന്റെ കുടുംബവുമാണ് നാം കാണുന്നത്. കർമരഹിതമായ ചുറ്റുപാടിൽ നിന്നും കർമ്മനിരതമായ ജീവിതത്തിലേക്ക് കടക്കണം. ഭൂമിയിൽ കൃഷി ചെയ്തു വർദ്ധിച്ചു വളരുവാൻ കടന്നു വരണം. അദ്ധ്വാനത്തിന്റെ മഹത്വം വർദ്ധിപ്പിക്കുവാൻ കടന്നു വരണം. 'അടച്ചടയ്ക്കപ്പെട്ട' അവസ്ഥയിൽ നിന്നും പുറത്തേക്ക് കടക്കണം - ദൈവഹിതപ്രകാരമുള്ള ഒരു പുനർനിർമ്മിതിക്കു പലതും സജീവമാക്കുവാൻ, ശക്തമാക്കുവാൻ ഭൂമിയെ വീണ്ടെടുക്കുവാൻ കടന്നു വരണം. നാലാം നൂറ്റാണ്ടിൽ ജീവിച്ച സഭാപിതാവായ സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ് (St. John Chrysostom) പറയുന്നതുപോലെ "നമ്മിലെ നന്മകൊണ്ട് ഈ ഭൂമിയെ ഒരു പറുദീസാ ആക്കുവാൻ" കടന്നുവരണം. സഭയുടെ അതിരുകളെ വിസ്തൃതപ്പെടുത്തുവാൻ ദൈവസ്നേഹം പങ്കുവയ്ക്കുവാൻ മടിയുടേയും അലസതയുടേയും നിസ്സംഗത അവസ്ഥയിൽ നിന്നും പുറത്തുകടക്കണം. ദൈവീകമല്ലാത്ത ഇടങ്ങളിൽ നിന്നും ഇടപാടുകളിൽ നിന്നും പുറത്തു കടക്കണം. ആയതിനുള്ള കൃപയും ശക്തിയും ദൈവം സമൃദ്ധിയായി നല്കട്ടെ.

പ്രാർത്ഥനാപൂർവ്വം
പഴഞ്ഞി സെന്റ് മേരീസ് യൂണിറ്റ്
കുന്നംകുളം ഭദ്രസനം



# ക്രിസ്തു സ്വാതന്ത്ര്യത്തിലേക്ക് പെട്ടകത്തിന്റെ പുറത്തേക്ക്

**ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ**

“കടക്ക് പുറത്ത് ”എന്ന പ്രസക്തമായ ഒരു സംഭാഷണശകലം ഓർമ്മയിലേക്ക് വരുന്നു. ചിന്താവിഷയം ഏറെക്കുറെ സമാനമാണ്. അത്ര ഭീഷണിയില്ല എന്നുമാത്രം. പെട്ടകത്തിന്റെ പുറത്തേക്ക് (Go out of the ark, Genesis 8:16) എന്ന വിഷയം ഒരുപാട് അർത്ഥതലങ്ങൽ ഉൾക്കൊള്ളുന്നു. ഇതിന് യുവതലമുറയുടെ ജീവിതവുമായി ഏറെ ബന്ധമുണ്ടെന്നതിൽ സംശയമില്ല. ചുരുക്കത്തിൽ, കൈപ്പത്തിയിൽ ഒതുങ്ങുന്ന ഒരു ഉപകരണത്തിൽ തളയ്ക്കപ്പെട്ടിരിക്കുന്ന നമ്മുടെ യുവജനങ്ങൾക്ക് നൽകുന്ന ആഹ്വാനം തന്നെയാണ് ഈ ശീർഷകം.

നോഹയുടെ പെട്ടകത്തിന്റെ ഉള്ളിൽ കടന്നത് സംരക്ഷണത്തിനാണ്. പ്രളയത്തിൽ നിന്നുള്ള സംരക്ഷണത്തിന്. സുരക്ഷിതത്വത്തിനുവേണ്ടിയാണെങ്കിലും പെട്ടകത്തിലെ വാസം ശരിക്കും കാരാഗൃഹവാസത്തിന് തുല്യമല്ലേ! (കോവിഡ് കാലത്ത് സ്വന്തം ഭവനത്തിലെ quarantine വാസവും സമാന അനുഭവം തന്നെ ആയിരുന്നുവല്ലോ.) പ്രളയം, മഹാമാരി തുടങ്ങിയ ദുരന്തങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി പ്രവേശിക്കുന്ന പെട്ടകത്തിലെ സ്ഥിരവാസം അത്ര സുഖകരമല്ല. കാലികമായി ചിന്തിക്കുമ്പോൾ പല സന്ദർഭങ്ങളിലും സംരക്ഷണത്തിനോ സുഖത്തിനോ കയറികൂടുന്ന ചില പെട്ടകങ്ങളിൽ അടിമകളെപ്പോലെ കാരാഗൃഹതുല്യമായ ജീവിതത്തിലേക്ക് നമ്മുടെ ഭാവി വാഗ്ദാനങ്ങൾ മാറ്റപ്പെടുന്നു എന്ന ദുഃഖം സമൂഹത്തെ ഏറെ അസ്വസ്ഥമാക്കുന്നു. അവ ഒന്നുകിൽ ലഹരി വസ്തുക്കളാകാം അല്ലെങ്കിൽ മദ്യപാനമാകാം, ലൈംഗികതയാകാം, അങ്ങനെ പലതുമാകാം. അങ്ങനെയുള്ള പെട്ടകത്തിന്റെ ഉള്ളിൽ നിന്നുള്ള മോചനം തന്നെയാണ് നമ്മുടെ ലക്ഷ്യം. A plan backed by an action makes the dreams come true. പുതുതലമുറയിലേക്ക് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ വെള്ളിവെളിച്ചം വിശുവാൻ പെട്ടകത്തിന് പുറത്തേക്കുള്ള ഗമനത്തിന് സാധിക്കും. അത് ക്രിസ്തു നമുക്ക് നൽകുന്ന സ്വാതന്ത്ര്യമാണ്. ക്രിസ്തുവും ഈ പുറപ്പാട് നടത്തിയിട്ടുണ്ട്. ദൈവരൂപത്തിൽ ഇരിക്കെ മനുഷ്യരൂപം എടുത്ത് സ്വയം താഴ്മ സ്വീകരിച്ചു എന്ന് വിശുദ്ധ പൗലോസിന്റെ ഭാഷയിൽ പറയുമ്പോൾ സ്വത്വബോധമുള്ള സ്വാതന്ത്ര്യത്തിലേക്ക് ഇറങ്ങി സ്വയം പ്രവർത്തിക്കുവാൻ ക്രിസ്തു നമുക്ക് ഒരു മാതൃകയാകുന്നു.

പെട്ടകത്തിന്റെ പുറത്തേക്കുള്ള യാത്ര അത്ര നിസ്സാരമല്ല. അവിടെയും ഒരുപാട് അപകടങ്ങൾ കാത്തിരുപ്പുണ്ട്. ആദ്യം ലക്ഷ്യം വയ്ക്കേണ്ടത് ദൈവാന്വേഷണത്തിലാണ്. ശിഷ്യന്മാർ ക്രിസ്തുവിനോട് ആവശ്യപ്പെട്ടത് ഒന്നുമാത്രമാണ്- പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന്. നമ്മളാവട്ടെ പ്രാർത്ഥന ഒഴിച്ച് ബാക്കി എല്ലാത്തിലും തമ്പുരാന്റെ സഹായം ആവശ്യപ്പെടാറുണ്ട്. പ്രാർത്ഥന നമ്മിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്നില്ല എന്നുള്ളതുകൊണ്ടാണോ എന്നറിയില്ല. എന്തായലും നമ്മുടെ ദൈവാന്വേഷണം പലപ്പോഴും അലച്ചിലുകളായി പരിണമിക്കുന്നുണ്ട്.



ദിശാബോധമില്ലാത്ത യാത്രകളാണ് അലച്ചിലുകൾ. ദൈവത്തെ തേടുന്നവന് വേണ്ടത് അന്വേഷണമാണ് അല്ലാതെ അലച്ചിലല്ല. അലച്ചിൽ തെറ്റായ ലക്ഷ്യത്തിൽ എത്തിക്കുന്നു. ഇന്നിന്റെ തലമുറയ്ക്ക് സംഭവിക്കുന്നതുപോലെ, ദൈവാന്വേഷണത്തിന് പുറപ്പെടുന്നവർ അലഞ്ഞു തിരിഞ്ഞ് എത്തുന്നത് സാത്താൻ ആരാധനയിലും മദ്യത്തിലും മയക്കുമരുന്നുകളിലുമാണ്. മാധ്യമങ്ങളിലൂടെ പുറത്തു വരുന്ന വാർത്തകൾ ഞെട്ടലോടെ മാത്രമേ നോക്കികാണുവാൻ സാധിക്കുന്നുള്ളൂ. മൂല്യബോധവും മതബോധവും നഷ്ടപ്പെടുന്നു എന്നതാണ് മൂല കാരണം. മൂല്യബോധവും മതബോധവും യുവാക്കളുടെ ആത്മവിശ്വാസവും സ്വയം മതിപ്പും വർദ്ധിപ്പിക്കുകയും സുചിന്തമായ തീരുമാനങ്ങൾ സ്വീകരിക്കുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യും. പ്രലോഭനങ്ങളും സമ്മർദ്ദങ്ങളും നിഷ്പ്രയാസം തരണം ചെയ്യുവാനും അതുമൂലം സാദ്ധ്യമാകും. അതിന് പെട്ടകത്തിന്റെ പുറത്തുള്ള കാഴ്ചകളിലേക്ക് മിഴികൾ തുറക്കണം. കൈക്കുമ്പിളിലെ ചെറു വസ്തുവിലും ലഹരിപദാർത്ഥത്തിലും അടിമകളാകുന്നവർ ചുറ്റിലുമുള്ള യാതൊന്നും തിരിച്ചറിയുവാനോ മനസ്സിലാക്കുവാനോ സാധിക്കാത്തവരായി മാറ്റപ്പെടുന്നു. സ്വന്തം മാതാപിതാക്കളെ പോലും തിരിച്ചറിയുവാൻ സാധിക്കാത്ത നിലയിലേക്കുള്ള അവരുടെ പരിണാമങ്ങൾ ഏറെ ഭീതിയോടെ നോക്കി കാണേണ്ടതുതന്നെയാണ്.

സ്വയത്തേലേക്കുതന്നെ നാം ഒതുങ്ങി എന്നുള്ളതാണ് ചിന്തിക്കേണ്ടത്. മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ശ്രദ്ധിക്കണം. കുന്നുകളെ നിരപ്പാക്കുവിൻ! അഹത്തിന്റെ ഇല്ലായ്മയാണ് ഇവിടെ പ്രധാനം. ഉള്ളിലെ ഇരുളിനെ അകറ്റാതെ യഥാർത്ഥ ലക്ഷ്യത്തിലേക്കുള്ള പുറപ്പാട് ക്ലേശകരമാണ്. നമ്മുടെ ജീവിതത്തെ ദൈവം നാവികനായ ഒരു നൗകയായി കണക്കാക്കണം. ദൈവത്തിന്റെ കൈയ്യിലെ മുരളി പോലെയാണ് നാം എന്ന ഭാരതീയ ചിന്ത ശ്രദ്ധേയമാണ്. ഉള്ള് പൊള്ളയായ കുഴലിലൂടെ നിശ്വാസം സഞ്ചരിക്കുമ്പോൾ അവിടെ സംഗീതം ഉണ്ടാവുകയാണ്. നാമും അതുപോലെയാവണം. ശുദ്ധ സംഗീതം പുറപ്പെടുവിക്കുന്ന മുരളിയായി നാം മാറണം. അതിന് ഗുരുപ്രസാദം കൂടിയേ തീരൂ. ദൈവം എന്ന അദൃശ്യ ശക്തി നമുക്ക് തൊടാവുന്ന രീതിയിലേക്ക് മാറുന്നത് മാതാപിതാക്കളിലൂടെയും ഗുരുജനങ്ങളിലൂടെയുമാണ്. പ്രകാശമുള്ള മനുഷ്യരുമായി നാം സംവേദിക്കണം. അതുവഴി പ്രകാശം നമ്മിലേക്കും പകർന്നു കിട്ടും. മുല്ലപ്പൂമ്പൊടി ഏറ്റുകിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം എന്ന ചൊല്ല് ഓർമ്മയില്ലേ!

ക്രിസ്തുവിനെക്കുറിച്ച് ഒരു സ്ത്രീ ജനകൂട്ടത്തിന്റെ ഇടയിൽ നിന്ന് നിലവിളിച്ച് പറഞ്ഞു: “നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ!” മാതാപിതാക്കൾക്ക് വേണ്ടി മക്കൾ കരുതിവെക്കാവുന്ന ഏറ്റവും വലിയ സമ്മാനം ഇതാണ്. യൗവനം കുറെക്കൂടി പ്രസാദകരമാകണം. അതിന് നമ്മെ അടിമപ്പെടുത്തിയിരിക്കുന്ന ലൗകിക-സാത്താന്യ പെട്ടകങ്ങളിൽ നിന്ന് നാം പുറത്തേക്ക് കടക്കണം. അതായിരിക്കട്ടെ നമ്മുടെ മാർഗ്ഗവും ലക്ഷ്യവും.

ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

പ്രാർത്ഥനാപൂർവ്വം
അടുപ്പൂട്ടി സെന്റ്.ജോർജ്ജ് യൂണിറ്റ്
കുന്നംകുളം ഭദ്രസനം

# യുവാക്കൾ യുവാക്കളായിരിക്കട്ടെ..



**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**
ജനറൽ സെക്രട്ടറി, ശാന്തിഗിരി ആശ്രമം

മലങ്കര ഓർത്തഡോക്സ് സഭയുടെ യുവജനം മാഗസിൻ കോവിഡാനന്തരം പുനരാരംഭിക്കുകയാണ്. കഴിഞ്ഞ രണ്ടു വർഷക്കാലമായി പത്രത്താളുകളിൽ നമ്മുടെ കൈ പതിയുന്നത് വിരളമാണ്. ഈ കാലത്ത് നാം കൂടുതൽ ടെക്നോളജിയുടെ സാധ്യതകൾ പരിചയപ്പെട്ടു എന്നതാണ് സത്യം. കോവിഡ് നമുക്ക് നൽകിയ ഒരനുഗ്രഹം അതാണ്. നമ്മുടെ നിരവധി സഹോദരരെ കോവിഡ് കൊണ്ടുപോവുകയും, നിരവധി സുഹൃത്തുക്കൾ, ബന്ധുക്കൾ, നമ്മുടെ ജീവിതത്തിന്റെ മറ്റു കണ്ണികളായ പലരും, അവർ നാമറിയാതെ നമ്മുടെ ജീവിതത്തിന്റെ ഭാഗമായിട്ടുള്ളവരാണ്, അതിൽ ചെറുകിട കച്ചവടക്കാർ, അന്നന്നത്തെ ജോലിചെയ്ത് വിശപ്പടക്കിയിരുന്നവർ, അങ്ങനെ നാമോരോരുത്തരുമായി ബന്ധമുള്ള കുടുംബങ്ങൾ ഇക്കാലത്ത് വളരെ കഷ്ടപ്പെട്ടാണ് നാളുകൾ കഴിച്ച് കൂട്ടിയത്. ഒന്നടുത്ത് ഇരിക്കുവാനും, പരസ്പരം തൊടുവാനും, സ്വര്യമായി നടക്കുവാനും പത്രംവായിക്കുവാനും, സുഖമാണോ എന്ന് അന്വേഷിക്കുവാനും ചായക്കടയിൽ പോയിരുന്ന് ഒരു ചായകുടിച്ച് സൊറപറയുവാനും ഒക്കെ കഴിയാത്ത ദിനങ്ങളിലൂടെയാണ് ആ രണ്ടു വർഷം കടന്നുപോയത്. എന്നാൽ അവിടെയും നാം കീഴ്പ്പെട്ടില്ല എന്നും എവിടെയും എങ്ങനെയും നമുക്ക് ജീവിതം സാധ്യമാകും എന്നും ഇക്കാലയളവ് പഠിപ്പിച്ചു. ഇത്രത്തോളം നാം



**വീടാണ് സമൂഹത്തിന്റെ അടിത്തറ. വീട്ടിലായാലും നാട്ടിയാലായും കരുത്തുള്ള യുവജനതയാണ് അവിടുത്തെ സമ്പത്ത്. അവർക്ക് നല്ല വിദ്യാഭ്യാസം കെട്ടുറപ്പുള്ള തൊഴിൽ എന്നിവയുണ്ടെങ്കിൽ തീർച്ചയായും ആ വീട് അല്ലെങ്കിൽ ഒരു സമൂഹം അടിസ്ഥാനമുള്ളതായി മാറുകയാണ്.**

ചക്കകറികൾ കൂട്ടിയകാലം ഇല്ലതന്നെ. വീട്ട് മുറ്റത്തും ടെറസിലും പച്ചക്കറികളും നടുവാനും, കുടുംബത്തിലെ എല്ലാ ജോലികളും പങ്കിട്ട് ചെയ്യുവാനും ഒക്കെ ഇക്കാലയളവ് നമ്മെ പഠിപ്പിച്ചു. എന്നാൽ അതോടൊപ്പം തന്നെ നമ്മുടെ എല്ലാത്തരം കൂട്ടായ്മകളും നിലച്ചു. എങ്കിലും നാം ഇക്കാലയളവിൽ വെറുതെയിരുന്നു എന്ന് പറയുവാനാകില്ല. നമ്മുടെ കുടുംബബന്ധങ്ങൾ ഇക്കാലത്ത് കുറെക്കൂടി ശക്തമാകാൻ ഇത് ഇടയാക്കി. യുവാക്കൾ വാട്സാപ്പ് കൂട്ടായ്മകളിലൂടെയും, സോഷ്യൽ മീഡിയകൾ വഴിയും രോഗികളായവരെ മോട്ടിവേറ്റ് ചെയ്തു. വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ കൂട്ടായ്മകൾ രൂപപ്പെടുത്തി, അവരുടെ ചെറിയ ചെറിയ കഴിവുകൾ തമാശ കലർത്തി, സിനിമയിലും നാടകത്തിലും മിമിക്രിയിലും കണ്ടിട്ടുള്ള വ്യത്യസ്തതകളെ തങ്ങളാലാവും വിധം ഉപയോഗിച്ച് മോട്ടിവേഷൻ ഉപകരണങ്ങളാക്കി സഹജീവികൾക്ക് കരുത്തേകി. പ്രളയത്തിലും നമ്മൾ നമ്മുടെ യുവാക്കളുടെ കരുത്ത്, ഒരുമ കണ്ടറിഞ്ഞതാണ്. പരസ്പരം പലപ്പോഴും നാം പഴിചാരുകയും കുറ്റം പറയുകയും ഒക്കെ ചെയ്യുമെന്നാലും കഷ്ടകാലത്ത് നാം ഒരുമിക്കാറുള്ളത് നമ്മുടെ ഉള്ളിനെ നന്മ മരിച്ചിട്ടില്ല എന്നതിനാലാണ്.

യുവാക്കളാണ് ഈ കാലത്ത് നക്ഷത്രങ്ങളായി തിളങ്ങിയത്. അവർ വീട്ടിലിരുന്നുകൊണ്ട് തന്നെ തൊഴിൽ ചെയ്തു. ടെക്നോളജയുടെ സാധ്യതകളെക്കുറിച്ച് ചിന്തിച്ചു അത് കൃത്യമായി ഉപയോഗപ്പെടുത്തി. കുടുംബങ്ങളിൽ പണ്ടത്തെപ്പോലെ കുട്ടപ്രാർത്ഥനകളും കുരുശുവരപ്പും, രാമനാമം ജപവും, നിസ്കാരവും ഉണ്ടായി. അത് ദൈവത്തെ അറിയുവാനുള്ള ഒരു അവസരവുമായി. എന്നും എപ്പോഴും വീട് അല്ലെങ്കിൽ നാട് സമൂഹം എന്നുപറയുന്നത് യുവാക്കളെ അടിസ്ഥാനപ്പെടുത്തി നിലനിൽക്കുന്നതാണ്. വീടാണ് സമൂഹത്തിന്റെ അടിത്തറ. വീട്ടിലായാലും നാട്ടിയാലായും കരുത്തുള്ള യുവജനതയാണ് അവിടുത്തെ സമ്പത്ത്. അവർക്ക് നല്ല വിദ്യാഭ്യാസം കെട്ടുറപ്പുള്ള തൊഴിൽ എന്നിവയുണ്ടെങ്കിൽ തീർച്ചയായും ആ വീട് അല്ലെങ്കിൽ ഒരു സമൂഹം അടിസ്ഥാനമുള്ളതായി മാറുകയാണ്. നമുക്കറിയാം നമ്മുടെ ചുറ്റുപാടുകളിൽ പലവീടുകളിലും മക്കളുടെ വളർച്ച സുഗമമല്ലെങ്കിൽ പിന്നെ ആ തലമുറ അവിടെ ചക്രശ്വാസം വലിക്കുകയാണ്.

എല്ലാ പ്രസ്ഥാനങ്ങൾക്കും ഇന്ന് യുവജന സംഘടനകളുണ്ട് അത് രാഷ്ട്രീയമായാലും മതപരമായാലും. കാരണം യുവാക്കളിലാണ് ഇതിന്റെയെല്ലാം നിലനിൽപ്പ്. മയക്കുമരുന്ന്, ലഹരി വസ്തുക്കൾ, ചൂഷണം തുടങ്ങിയവയുടെ കെണിയിൽപ്പെടുന്നത് യുവാക്കളാണ് അധികവും. ഇതിൽ നിന്നെല്ലാം ഒഴിഞ്ഞ് മാറി അച്ചടക്കത്തോടെ നടക്കുവാൻ ഇത്തരം സംഘടനാ ചട്ടക്കൂടുകൾ പലപ്പോഴും യുവാക്കളെ സഹായിക്കാറുണ്ട്. ക്രിസ്തീയ യുവജന സംഘടനയായ വൈ.എം.സി.എ. പോലുള്ള സംഘടനകൾ സമൂഹത്തിൽ ചെയ്തുവരുന്ന സഹായങ്ങൾ എടുത്തുപറയത്തക്കതാണ്. ഫ്രാൻസിസ് മാർപ്പ നൽകിയ സിനഡു പ്രബോധനങ്ങളിൽ യുവാക്കൾ എങ്ങനെയായിരിക്കണം എന്ന് പറയുന്നുണ്ട്.

ഭാരതത്തിൽ ജനുവരി 12 ആണ് ദേശീയ യുവജനദിനമായി ആചരിക്കുന്നത്. 1984 ൽ ആണ് ഭാരത സർക്കാർ യുവജനദിനം കൊണ്ടാടുവാൻ തീരുമാനിക്കുന്നത്. അത് ഭാരതത്തെ പാരതന്ത്ര്യത്തിന്റെ കാലത്ത് തന്റെ ആഹ്വാനങ്ങളാൽ ഉത്തേജിപ്പിച്ച, ഭാരതീയ സംസ്കാരത്തിന്റെ ആധ്യാത്മിക പരിവേഷം ലോകത്തിന് മുന്നിൽ തുറന്നുവെച്ച സ്വാമി വിവേകാനന്ദന്റെ ജന്മദിനമാണ്.

സ്വാമി വിവേകാനന്ദന്റെ തത്ത്വങ്ങളും ആശയങ്ങളും ഇന്ത്യൻ യുവത്വത്തിന് പ്രചോദനമാണെന്ന് ചൂണ്ടിക്കാട്ടിയാണ് കേന്ദ്ര സർക്കാർ സ്വാമിയുടെ ജന്മദിനം യുവജനദിനമായി പ്രഖ്യാപിച്ചത്. ഇന്ത്യയിൽ എല്ലായിടത്തും ദേശീയ യുവജനം കൊണ്ടാടുന്നുണ്ട്. സ്കൂളുകളിലും കലാലയങ്ങളിലും പ്രത്യേക ചടങ്ങുകൾ സംഘടിപ്പിക്കുന്നു.

പ്രാർത്ഥനാപൂർവ്വം
**ചേലക്കര സെന്റ്.ജോർജ്ജ് യൂണിറ്റ്**
**കുന്നംകുളം ഭദ്രസനം**

കേരളത്തിൽ യുവാക്കാളെ വിദ്യാസമ്പന്നരാക്കന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകനായി വർത്തിക്കുന്നതിനും ആയി രൂപീകരിക്കപ്പെട്ടതാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. 2014ൽ കേരളാ നിയമസഭ പാസ്സാക്കിയ കേരള സംസ്ഥാന യുവജന കമ്മീഷൻ നിയമത്തിന്റെ അടിസ്ഥാനത്തിലായിരുന്നു സംസ്ഥാന യുവജന കമ്മീഷന്റെ രുപീകരിച്ചത്. യുവ ക്രൈസ്തവനോട് ഫ്രാൻസിസ്പാപ്പ പറയാൻ ആഗ്രഹിക്കുന്ന ആദ്യവാക്കുകൾ ഇപ്രകാരമാണ്, ക്രിസ്തു ജീവിക്കുന്നു. നിങ്ങൾ ജീവനുള്ളവരായിരിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. യുവത്വം അഭിമാനത്തിന്റെ ഉറവിടമായി കാണുന്നവരാണ് നമ്മിലേറിയ പങ്കും. കൂട്ടുകാരുടേയോ, മുതിർന്നവരുടേയോ മറ്റുള്ള ആരുടെ മുന്നിലുമാകട്ടെ നമ്മുടെ അഭിമാനത്തിന് ക്ഷതമേൽക്കുന്ന ഒരു വാക്കോ, പ്രവൃത്തിയോ അത് സ്വന്തം അമ്മയിൽ നിന്ന് ഉണ്ടായാൽ പോലും നമുക്കത് പൊറുക്കാനാകുന്നില്ല.

യുവത്വം അഭിമാനത്തിന്റെ ഒരു ഉറവിടമാണെന്നതിനേക്കാൾ ദൈവത്തിന്റെ ദാനമാണ്. യൗവനം യുവാക്കൾക്ക് അനുഗ്രഹീത സമയമാണ്. അതോടൊപ്പം സഭയ്ക്കും ലോകത്തിനും കൃപയാണ്, സന്തോഷമാണ്, പ്രതീക്ഷയാണ്, അനുഗ്രഹവുമാണ്. ഇങ്ങനെയുള്ള യൗവനത്തെ മൂല്യമേറിയ ഒരുനിമിഷമായി കാണണം.

യുവത്വകാലഘട്ടത്തിന്റെ മറ്റൊരു പ്രത്യേകത തിരഞ്ഞെടുപ്പുകളുടെ കാലഘട്ടമെന്നതാണ്. ഇവിടെയാണ് നമ്മുടെ ഏറ്റവും വലിയ ഉത്തരവാദിത്തം പ്രതിഫലിപ്പിക്കുന്നത്. നമ്മുടെ പ്രത്യാശകൾ, സ്വപ്നങ്ങൾ, ആഗ്രഹങ്ങൾ ഇവയൊക്കെ തിരഞ്ഞെടുപ്പിനെ ബാധിച്ചേക്കാം. എന്നാൽ നമ്മെ പിന്നിലേക്ക് വലിക്കുന്ന ഒരു പ്രലോഭനത്തെക്കുറിച്ച് എപ്പോഴും ജാഗ്രതയുള്ളവരായിരിക്കുക.

നമ്മുടെ എറ്റവും നല്ല സ്വപ്നങ്ങൾ സാക്ഷാത്കൃതമാകുന്നത് പ്രത്യാശയിലൂടെയും, ക്ഷമാശീലത്തിലൂടെയും, സമർപ്പണത്തിലൂടെയുമാണ്. ധൃതി പിടിക്കലിലൂടെയല്ല. നമുക്കറിയാം യുവതലമുറ എപ്പോഴും അസ്വസ്ഥമായിരിക്കും. അവരുടെ ആഗ്രഹങ്ങൾ അനന്തമാണ്. ആഗ്രഹങ്ങൾ നിവർത്തിക്കുവാനായി അവർ എന്തുചെയ്യുവാനും സന്നദ്ധരാകും. അതാണ് നമുക്കറിയാം സൈന്യത്തിൽ എടുക്കുന്നത് ചുറുചുറുക്കുള്ള യുവാക്കളെയാണ്. കാരണം ഏത് പ്രതിസന്ധിയിലും അവർ അലർട്ടായിരിക്കും. ഒരു കാര്യം ചെയ്യുന്നതിന് ഉറപ്പിച്ചാൽ മറ്റെല്ലാം അവർ വിട്ടു അതിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കും.

അതുപോലെ തന്നെ യുവതയെയാണ് മദ്യമയക്കുമരുന്ന് മാഫിയകളും, രാജ്യദ്രോഹ പ്രവർത്തനങ്ങൾക്കും ചൂഷണം ചെയ്ത് ഉപയോഗിക്കുന്നത്.

യുവജനം ആരായിരിക്കണമെന്ന് ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിലൂടെ നമുക്ക് മനസിലാക്കാം. “ഒരു ബാൽക്കണിയിൽ നിന്ന് ജീവിതത്തെ നിരീക്ഷിക്കരുത്. സന്തോഷത്തെ ഒരു ആംചെയറായി തെറ്റിദ്ധരിക്കരുത്. നിങ്ങളുടെ ജീവിതം ഒരു സ്ക്രീനിനു പിന്നിൽ നയിക്കുകയും അരുത്. നിറുത്തിയിട്ടിരിക്കുന്ന കാറുകളാകരുത്. ജീവിതത്തിലൂടെ അനസ്തേഷ്യ ഏറ്റുവാങ്ങി പോകുകയോ, ടൂറിസ്റ്റുകളെപ്പോലെ ലോകത്തെ സമീപിക്കുകയോ അരുത്. സ്വരം കേൾപ്പിക്കുക, കൂടിന്റെ വാതിൽ തുറക്കുക, പുറത്തിറങ്ങി പറക്കുക, ദയവായി അകാല റിട്ടയർമെന്റ് സ്വീകരിക്കാതിരിക്കുക..

നമ്മുടെ യുവാക്കൾ ദൈവചിന്തയുള്ളവരായിരിക്കട്ടെ.. കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും ലോകത്തിനും ഉതകുന്ന മക്കളായിരിക്കട്ടെ.. അതിന് നമുക്ക് നമ്മുടെ കുട്ടികളെ നന്മയുടെ സഹജീവി സ്നേഹത്തിന്റെ പാരസ്പര്യത്തിന്റെ പ്രതീകങ്ങളായി വളർത്തണം. യുവതലമുറയാണ് നമ്മുടെ ശക്തി ആ ശക്തി അനന്തപ്രവാഹമായി നമ്മോടൊപ്പമിരിക്കട്ടെ.

യുവജനം മാഗസിന്റെ പുതുപിറപ്പ് യുവാക്കൾക്ക് എല്ലാവിധ മാർഗ്ഗദായകവുമാകും എന്നകാര്യത്തിൽ സംശയമില്ല. എല്ലാവിധ ആശംസകളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

> നമ്മുടെ യുവാക്കൾ ദൈവചിന്തയുള്ളവരായിരിക്കട്ടെ.. കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും ലോകത്തിനും ഉതകുന്ന മക്കളായിരിക്കട്ടെ.. അതിന് നമുക്ക് നമ്മുടെ കുട്ടികളെ നന്മയുടെ സഹജീവി സ്നേഹത്തിന്റെ പാരസ്പര്യത്തിന്റെ പ്രതീകങ്ങളായി വളർത്തണം.



ഫാ. വിവേക് വർഗ്ഗീസ്, റോം

# വി. കൂദാശകളും ക്രൈസ്തവ ജീവിതവും



അദൃശമായ ദൈവകൃപയുടെ സമൃദ്ധമായ അനുഭവം ഈ ലോകത്തിൽ ദൃശ്യമായ കർമ്മങ്ങളിലൂടെ നൽകുന്നവയാണ് വി. കൂദാശകൾ. വിശ്വാസ സമൂഹത്തെ ഒന്നാകെ രൂപാന്തരപ്പെടുത്തി ദൈവിക പദ്ധതിയുടെ ഭാഗമാക്കി മാറ്റുന്ന വി. കൂദാശകൾ സഭാജീവിതത്തിന്റെ അടിസ്ഥാനങ്ങളിലൊന്നാണ്. വിവിധ പ്രതീകങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും കൂദാശകർമ്മം ഓരോ വിശ്വാസികളുടേയും ആത്മീയ ജീവിതം സമ്പുഷ്ടമാക്കുന്നു. കേവല സൃഷ്ടികളായ ഈ ലോകത്തിലുള്ള വിവിധ വസ്തുക്കളിലൂടെ പ്രതീകാത്മകമായും ആന്തരിക അർത്ഥങ്ങളിലേക്ക് സംബന്ധിക്കുന്നവരെ നയിക്കുകയെന്നത് വി. കൂദാശകളുടെ പ്രത്യേകതയാണ്. രക്ഷയുടെയും ദൈവികരണത്തിന്റെയും ദിവ്യാനുഭവങ്ങളാണ് ഓരോ കൂദാശയും വാഗ്ദാനം ചെയ്യുന്നത്. ദൈവകൃപയെന്ന ദാനം സ്വീകരിച്ച് വിശുദ്ധീകരണം നേടി സ്വർഗ്ഗീയ തീർത്ഥാടനം നിർവ്വഹിക്കുവാൻ കൂദാശകൾ നമ്മെ സഹായിക്കുന്നു. ദൈവ സാന്നിദ്ധ്യവും ദൈവ അനുഭവങ്ങളിലുള്ള പങ്കാളിത്വവും വിശ്വാസിക്കു വാഗ്ദാനം ചെയ്യുമ്പോഴും കൂദാശ നിർവ്വഹിക്കുന്നവരുടേയും, അതിൽ സംബന്ധിക്കുന്നവരുടേയും ശ്രദ്ധാപൂർവ്വമായ ഒരുക്കവും പങ്കാളിത്വവും കൂദാശയുടെഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. മനുഷ്യബുദ്ധിക്ക് അഗോചരമായി നിലകൊള്ളുന്നവയെ വ്യാഖ്യാനിക്കുവാൻ എത്ര ശ്രമിച്ചാലും പൂർണ്ണമാവുകയില്ല. കൂദാശകളുടെ രഹസ്യാത്മകത (Mystery) വളരെ പ്രധാനപ്പെട്ട സ്വഭാവസവിശേഷതയായി നിലകൊള്ളുന്നു.

ലത്തീൻ ഭാഷയിലെ 'Sacramentum'എന്ന വാക്കിൽ നിന്നുത്ഭവിച്ച 'Sacraments'എന്നും, ഗ്രീക്ക് ഭാഷയിലെ 'Mysterion'എന്ന പദവും കൂദാശകളെ കുറിക്കുവാൻ വിവിധ ക്രൈസ്തവ പാരമ്പര്യങ്ങളിൽ ഉപയോഗിക്കുന്നു. ഓർത്തഡോക്സ് വേദശാസ്ത്രം പൊതുവേ കൂദാശകളെ 'Mysteries' എന്ന് സംബോധന ചെയ്യുവാനാണ് ആഗ്രഹിക്കുന്നത്. 'കൂദോശോ' എന്ന സുറിയാനി പദവും സുറിയാനി പാരമ്പര്യത്തിൽപ്പെട്ട സഭകൾ ഉപയോഗിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ ലോകത്തിനു വെളിപ്പെട്ട രക്ഷാപദ്ധതിയിലുള്ള പങ്കുചേരൽ  കൂദാശകളിലൂടെ നിർവ്വഹിക്കപ്പെടുന്നു. ആദിമ സഭാപിതാക്കന്മാർ "Mystery of God in Christ" എന്ന് വി. കൂദാശകളെപ്പറ്റി പഠിപ്പിച്ചതും ഈ കാര്യങ്ങളിലുള്ള വ്യക്തമായ ദർശനമാണ്. സഭാനൗകയായ സമൂഹത്തെ മുഴുവനായും

രക്ഷയുടെ തുറമുഖത്തേക്ക് എത്തിക്കുവാൻ ക്രിസ്തുവിലേക്ക് അടുപ്പിക്കുന്നു.

ഓർത്തഡോക്സ് സഭയുടെ ശ്രേഷ്ഠതയും അന്തസത്തയും അതിന്റെ ആരാധനയിലാണ്. ആരാധനയിലൂടെ ദൈവത്തോടുള്ള അചഞ്ചലമായ വിശ്വാസവും ആഴമായ ഭക്തിയും ഓരോ വിശ്വാസിയും ഏറ്റുപറയുന്നു. യഥാർത്ഥ ക്രിസ്തീയ വിശ്വാസവും, ക്രൈസ്തവ ജീവിത ദർശനവും ആരാധനയിലെ വിവിധ ഘടകങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിയുന്നു. വേദവചനത്തിലൂടെയും പിതാക്കന്മാരുടെ പഠിപ്പിക്കലുകളുടേയും എഴുതപ്പെട്ടവയും, എഴുതപ്പെടാത്തവയുമായ പാരമ്പര്യങ്ങളിലൂടെയും രൂപപ്പെട്ട ഓർത്തഡോക്സ് വിശ്വാസം ആരാധനഗാനങ്ങളിലൂടെയും, പ്രാർത്ഥനകളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും വിശ്വാസികളെ പഠിപ്പിക്കുന്നു.

ഓരോ വിശ്വാസിയേയും സഭ കാണുന്നത് ലോകം മുഴുവനായുള്ള വലിയ ആരാധന സമൂഹത്തിന്റെ ഭാഗമായിട്ടാണ്. ഓരോ ആരാധനയും സർവ്വശക്തനായ ദൈവത്തോടുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതും ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും നിർമ്മിക്കപ്പെട്ട മനുഷ്യൻ ദൈവാത്മാവിനാൽ നയിക്കപ്പെടുന്നു. ആരാധനയിലൂടെ ആത്മാവിനു പോഷണം നേടുകയും ചെയ്യുന്നു. ഏതെങ്കിലും കാരണത്താൽ ഈ ആരാധനയ്ക്ക് മുടക്കം സംഭവിച്ചാൽ ദൈവബന്ധം നഷ്ടപ്പെടുവാനും ദൈവസ്നേഹത്തിൽ നിന്ന് വഴിമാറി സഞ്ചരിക്കുവാൻ കാരണമാകയും ചെയ്യും ആരാധനയും കൂദാശകളും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. എല്ലാ കൂദാശകളും ആരാധനയുടെ ഭാഗമാണ്. 'കൂദാശകളുടെ രാജ്ഞി'യായ വി. കുർബ്ബാനയാണല്ലോ ആരാധനയുടെ മകുടം. കൂദാശകളിലുള്ള പങ്കാളിത്വമാണ് പുത്രപദവിയിലുള്ള അവകാശവും സ്വാതന്ത്ര്യവും അനുഭവിപ്പാൻ നമ്മെ സഹായിക്കുന്നത്.

ദൈവത്തെ മനുഷ്യനോടും പ്രപഞ്ചത്തോടും മനുഷ്യനെ ദൈവത്തോടും പ്രപഞ്ചത്തോടും കൂട്ടിയിണക്കുന്ന പൗരസ്ത്യ സഭാ ദർശനത്തെകുറിച്ച് അഭി. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ചിന്തകളെക്കുറിച്ചുള്ള പഠനഗ്രന്ഥമായ 'ഗുരുമുഖത്ത് നിന്നും' എന്ന കൃതിയിൽ അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എഴുതിയിട്ടുണ്ട്. വി. കൂദാശകൾക്ക് നാം ഉപയോഗിക്കുന്ന ഭൗതീക വസ്തുക്കളിലൂടെ തങ്ങൾ ജീവിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന പ്രകൃതിയെ തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുകയാണെന്നും, ദൈവതേജസിൽ പങ്കുചേരുന്നതിന് പ്രപഞ്ചത്തെ ഒരുക്കി സമർപ്പിക്കുവാൻ മനുഷ്യന് ഉത്തരവാദിത്വം ഉണ്ടെന്നുമുള്ള സുപ്രധാനമായ നിരീക്ഷണം അവിടെ കാണുന്നു.

"നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു" (ഉൽ.5:17) എന്ന വി. കൂദാശകളിലൂടെ തിരുത്തികുറിക്കപ്പെടുന്നുവെന്ന ശക്തമായ ദർശനം ഇവിടെ വായിക്കുന്നു. മനുഷ്യൻ പ്രകൃതിയെ ഉപഭോഗ വസ്തുവായി കാണുകയല്ല മറിച്ച് ദൈവതേജസ്സിലേക്കുള്ള പ്രയാണത്തിൽ പങ്കുചേരുകയാണെന്ന ദർശനം കൗദാശിക ജീവിതത്തിന്റെ ശ്രേഷ്ഠതയെ വർദ്ധിപ്പിക്കുന്നു.

കൗദാശിക ജീവിത സഫലമാകുവാൻ ദൈവപദ്ധതിയിൽ പങ്കുകാരനാവാനുള്ള മനുഷ്യന്റെ സന്നദ്ധതയും പ്രധാനപ്പെട്ടതാണ്. വി. കൂദാശകളിൽ നിന്ന് നാം പ്രാപിക്കുന്ന കൃപകൾ അനുദിനം പ്രോജ്വലിപ്പാൻ യാമനമസ്കാരത്തിലും, രഹസ്യപ്രാർത്ഥനയിലും, നോമ്പും ഉപവാസവും ജാഗരണവുമെല്ലാം നമ്മെ സഹായിക്കും. ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു ജീവിതത്തിനായി കൗദാശികാനുഭവങ്ങളിൽ നിന്ന് ഊർജ്ജം ഉൾക്കൊള്ളുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഓരോ വിശ്വാസിയിലും ദൈവകൃപ വ്യാപരിക്കും. അതിനായി സ്വയം ഒരുങ്ങുകയും, സന്നദ്ധരാകുകയും വേണം. കൂദാശകളിൽ സംബന്ധിക്കുമ്പോഴും അതിനു ശേഷവും ദൈവകൃപയിൽ ജീവിക്കുവാനുള്ള ഉത്തരവാദിത്വം ഏവർക്കും കരഗതമാകുന്നു. ഈ ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിക്കപ്പെടുമ്പോൾ ആദ്ധ്യാത്മിക വളർച്ച സാദ്ധ്യമാകുന്നു.

ഓരോ കൂദാശയുടേയും ലക്ഷ്യം നമ്മെ ശുദ്ധീകരിക്കുകയും നന്മയിൽ വളർന്ന് ദൈവത്തെപ്പോലെ ആയിത്തീരുകയുമാണ്. ദൈവസ്വഭാവം സ്നേഹമാണ്. നമ്മുടെ ശുദ്ധീകരണം സാദ്ധ്യമാകുമ്പോൾ നമുക്ക് മറ്റുള്ളവരോട് സ്നേഹത്തോടെയല്ലാതെയുള്ള ഇടപെടൽ അസാദ്ധ്യമായി വരുന്നു. നമ്മുടെ മനസ്സുകളും ചിന്തകളും നന്മയിലേക്കും നന്മയുടെ ഉറവിടമായ ദൈവത്തിങ്കലേക്കും വളരുകയും, തിന്മയുടെ സ്വാധീനങ്ങളെ ഇല്ലായ്മ ചെയ്ത് ദൈവാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് ജീവിക്കുവാൻ സഹായിക്കുയും ചെയ്യുന്നു. ദൈവിക സ്വഭാവങ്ങളായ വിശുദ്ധിയും, സ്നേഹവും പാലിക്കുന്നതു വഴി ദൈവസ്വഭാവത്തിൽ പങ്കുചേരുവാൻ നമുക്ക് കഴിയുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയിലേക്ക് ചേർക്കപ്പെടുന്ന നാം ദൈവിക സ്വഭാവത്തിൽ വളരുവാനും വിശുദ്ധീകരിക്കപ്പെടുവാനുമുള്ള നിയോഗം പേറുന്നവരുമാണെന്ന് വിസ്മരിക്കരുത്.

# ചരിത്ര ജ്ഞാനവും പൈതൃക പരിരക്ഷണവും



അലക്സിൻ ജോർജ്ജ് IPoS

AD 52 മുതൽ മലങ്കര നാട്ടിൽ നില നിൽക്കുന്ന ക്രൈസ്തവ സമൂഹമെന്ന നിലയിൽ മാർത്തോമൻ നസ്രാണി സമൂഹത്തിന് പൈതൃക - ചരിത്ര നിധികൾ ഏറെയാണ്. ശാസ്ത്ര സങ്കേതിക വിദ്യകളുടെ അത്ഭുതപൂർവ്വമായ വളർച്ചയും നവ മാധ്യമ കടന്നുകയറ്റങ്ങളും ചരിത്ര പൈതൃക പഠനങ്ങളുടെ പ്രാമുഖ്യം നഷ്ടപ്പെടുത്തിയട്ടുണ്ടെങ്കിലും ഒരു ജനസമൂഹത്തിന്റെ വളർച്ചയിൽ അത്യന്താപേക്ഷിതമായ ഒന്നത്രെ ചരിത്ര ജ്ഞാനം. സാധാരണ മനുഷ്യരുടെ ഏറ്റവും നിസ്സാരമായ സംഭാഷണങ്ങളിൽ തൊട്ട് പണ്ഡിതസദസ്സുകൾ വരെ ചരിത്ര പൈതൃക സ്മരണകൾ കടന്നു ചെല്ലുന്നു. ചരിത്രബോധമില്ലാത്ത ജനത ഓർമ നഷ്ടപ്പെട്ട ഒരു മനുഷ്യനു തുല്യമാണ്. ഒരു വ്യക്തി തന്റെ ഭൂതകാലത്തിനെ ഓർമ്മിച്ചെടുക്കുന്നത് പോലെ ഒരു സമൂഹം ഭൂതകാല ഓർമ്മകളെ നിലനിർത്തുന്നത് പാരമ്പര്യങ്ങളിലൂടെയും, ഐതിഹ്യങ്ങളിലൂടെയും, ചരിത്ര രേഖകളിലൂടെയുമാണ്.

മാർത്തോമൻ നസ്രാണി സമൂഹത്തിന്റെ ഭാവി നിലനിൽപും ഇത്തരത്തിൽ ഭൂതകാല ഓർമ്മകളെയും, പാരമ്പര്യങ്ങളെയും, ഐതിഹ്യങ്ങളെയും സർവ്വോപരി ചരിത്ര പൈതൃകങ്ങളെയും പരിരക്ഷിച്ച് നിലനിർത്തുമ്പോഴാണ്. രണ്ടായിരം വർഷങ്ങൾക്കിപ്പുറവും നസ്രാണി സമൂഹം പ്രതിസന്ധികളെയും ഉന്മൂലന ശ്രമങ്ങളെയും, കടന്നുകയറ്റ അധിനിവേശങ്ങളെയും അതിജീവിച്ച് നിലനിൽക്കുന്നതിന്റെ കാരണം മറ്റൊന്നുമല്ല, ചരിത്ര ബോധ്യങ്ങളിലൂന്നിയ മാർത്തോമൻ പൈതൃകവും പാരമ്പര്യവുമാണ്. ജീവിച്ചിരിക്കുന്ന തലമുറയുടെ ഉത്തരവാദിത്തം പൂർ



ണ്ണമാകുന്നത് തങ്ങളുടെ പൂർവിക സ്വത്തുക്കളെ പരിരക്ഷിച്ച് വിപുലപ്പെടുത്തി അനന്തര തലമുറയ്ക്ക് കൈമാറ്റം ചെയ്യുമ്പോഴാണ്. അതിന് ആദ്യം വേണ്ടത് പാരമ്പര്യ സ്വത്തുക്കളെക്കുറിച്ചുള്ള അറിവാണ്. മഹാനായ സിസറോ പറഞ്ഞു " നിങ്ങൾക്ക് മുമ്പ് എന്തു സംഭവിച്ചുവെന്നറിയില്ലെങ്കിൽ എന്നും നിങ്ങളൊരു ശിശുവായിരിക്കും ". നിതാന്ത ശൈശവത്തിൽ നിന്നും നസ്രാണി സമൂഹത്തെ രക്ഷിച്ചത് ചരിത്ര ബോധമാണ്.

സണ്ടേസ്കൂൾ പാഠ്യപദ്ധതിയിൽകൂടിയും, പള്ളി സംബന്ധിയായ പ്രവർത്തനങ്ങളിൽ കൂടിയും ചരിത്ര ജ്ഞാനവും പൈതൃക ബോധവും നമ്മുടെ ഉള്ളിലേക്ക് വരുന്നുണ്ടെങ്കിലും രണ്ടായിരം വർഷ ചരിത്രത്തിന്റെ പത്തിലൊരംശം പോലുമാകുന്നില്ല. വർഷങ്ങളുടെ പഠന പ്രക്രിയയുടെ ആരംഭം കുറിക്കാനെ അത് കൊണ്ട് സാധിക്കൂ. ചരിത്ര പഠനത്തിനോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുകയും അത് തുടർന്ന് കൊണ്ട് പോകുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയുമാണ് പ്രധാനം. യുവജന സംഘടനകൾക്ക് ഇതിൽ പ്രധാന പങ്കുവഹിക്കുവാൻ സാധിക്കും.

ചരിത്ര ഗവേഷകരെയും, പണ്ഡിതരെയും പങ്കെടുപ്പിച്ച് ചരിത്ര സെമിനാറുകൾ സംഘടിപ്പിക്കുക, പാരമ്പര്യത്തിൽപ്പെട്ടതും ചരിത്രത്തിലുള്ളതുമായ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പൈതൃക യാത്രകൾ നടത്തുക, നസ്രാണി പാരമ്പര്യത്തിലുള്ള കലാരൂപങ്ങൾക്കും വേഷവിധാനങ്ങൾക്കും വേദി നൽകുക, ലൈബ്രറികളും വായനക്കളരികളും ആരംഭിക്കുക, തുടങ്ങി ചരിത്രത്തെയും പൈതൃക



ഐതിഹ്യങ്ങളെയും പ്രോത്സാഹിപ്പിക്കുവാൻ ലഭിക്കുന്ന അവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുവാൻ യുവജന സംഘടനകൾക്ക് സാധിക്കണം.

ചരിത്ര വായനയ്ക്കും പൈതൃക പരിപാലനയ്ക്കും മാത്രമല്ല മൺമറഞ്ഞു പോയ ചരിത്ര രേഖകളെയും വിസ്മരിക്കപ്പെട്ട സംഭവങ്ങളെയും തേടിപ്പിടിച്ച് ചരിത്രത്തിന്റെ നഷ്ട ഏടുകളെ പൂരിപ്പിക്കുവാനും സാധിക്കണം. നമ്മുടെ പല പുരാതന തറവാടുകളിലും പ്രസിദ്ധീകരിക്കപ്പെടാത്ത അമൂല്യ രേഖകളും വിവരങ്ങളും ഇന്നും നിലനിൽക്കുന്നു. ഗവേഷകരെ അവിടേക്ക് ആകർഷിച്ച് ഇവ സാമൂഹിക സാംസ്കാരിക ചരിത്ര താളുകളിൽ രേഖപ്പെടുത്തണം. ദേശ ഭേദങ്ങളും കാല ഭേദങ്ങളും നിറഞ്ഞ നസ്രാണി സമൂഹത്തിന്റെ ശരിയായ ചരിത്രം അനാവൃതമാകണമെങ്കിൽ വികേന്ദ്രീകരിക്കപ്പെട്ട അന്വേഷണങ്ങൾ കൊണ്ടേ സാധിക്കൂ. പള്ളികളിൽ സൂക്ഷിച്ചിരിക്കുന്ന നാളാഗമ പുസ്തകങ്ങൾ പഠനങ്ങൾക്ക് വിധേയമാക്കേണ്ടതാണ്. വിവിധ സമിതികളുടെയും പൊതുയോഗങ്ങളുടെയും മിനിട്സുകൾ, കത്തുകൾ, കൽപ്പനകൾ, കമ്മീഷൻ റിപ്പോർട്ടുകൾ, ഇടവക രജിസ്റ്ററുകൾ, ഡയറികൾ തുടങ്ങിയ പ്രാഥമിക സ്രോതസ്സുകൾ ഉപേക്ഷിക്കരുത്. പള്ളി ലൈബ്രറികളിൽ ഉള്ള പഴയ പുസ്തകങ്ങൾ, നാടകങ്ങൾ, പ്രസംഗ കാസെറ്റുകൾ, മൈക്രോ ഫിലിമുകൾ, ഫോട്ടോകൾ, പെയിന്റിംഗുകൾ, ശിൽപ്പങ്ങൾ തുടങ്ങിയവയും ചരിത്ര സ്രോതസ്സുകളാണ്. ഇവയും പഠനങ്ങൾ



ക്ക് വിധേയമാകേണ്ടതാണ്. ലഭ്യമാകുന്ന രേഖകൾ ഡിജിറ്റലൈസ് ചെയ്ത് ഇന്റർനെറ്റ് ആർക്കൈവ്സിൽ സൂക്ഷിച്ചാൽ ആർക്കും പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും അവ ഉതകും.

ഇപ്രകാരമുള്ള ക്രിയാത്മക പ്രവർത്തനങ്ങളിലേക്ക് യുവജന ശ്രദ്ധ അടിയന്തരമായി തിരിയണം. അശ്രദ്ധയും അലക്ഷ്യ പ്രവർത്തനങ്ങളും ഒരു പാട് അമൂല്യ രേഖകൾ നഷ്ടപ്പെടുവാൻ ഇടയായിട്ടുണ്ട്. അത് ഇനി ആവർത്തിക്കുവാൻ അനുവദിക്കരുത്. ജൊർനാദയും, കണ്ടനാട് ഗ്രന്ഥവരിയും, നിരണം ഗ്രന്ഥവരിയും പോലെ അനേക നിധികൾ ഒരു പക്ഷേ നമ്മുടെ വരവും പ്രതീക്ഷിച്ച് കിടക്കുന്നുണ്ടാവാം.

നിഷ്പക്ഷമായ ചരിത്ര പഠനം വസ്തുതാപരമായ നിരീക്ഷണങ്ങളിലേക്ക് നമ്മെ നയിക്കും. വസ്തുതകളെ നാം വസ്തുതകളായി അഭിമുഖീകരിക്കണം. ചരിത്രത്തിന്റെ നട്ടെല്ലാണ് വസ്തുതകൾ. അവയുടെ രാഷ്ട്രീയ സാമ്പത്തിക ചുറ്റുപാടുകൾ കൂടി കണക്കിലെടുത്തുള്ള വിമർശനാത്മക പഠനം സത്യത്തെ അനാവൃതമാക്കും. ഭൂതകാലത്തിലേക്ക് വെളിച്ചം വീശും. ശ്രദ്ധാപൂർവ്വവും ശാസ്ത്രീയ ഗവേഷണങ്ങളുടെയും ഫലമായി സമാഹരിക്കപ്പെട്ട വസ്തുതകൾ സ്വയം സംസാരിക്കുന്ന തെളിവുകളാണ്. ഇത്തരം ചരിത്ര വസ്തുതകൾ ചരിത്ര പഠനത്തിനുതകുന്ന അസംസ്കൃത വസ്തുക്കൾ മാത്രമാണ്. ചരിത്രകാരൻ അവയ്ക്ക് മുൻഗണനാക്രമം തീരുമാനിച്ച് അടുക്കി വയ്ക്കുകയാണ്. തുടർന്ന് അവ ചേർത്ത് വായിക്കുമ്പോളാണ് ചരിത്രം അനാവൃതമാകുന്നത്. ഇ.എച്ച്.കാർ പറയുന്നു, 'വസ്തുതകൾ സ്വയം സംസാരിക്കുന്നു എന്നു പറയപ്പെടുന്നുവെങ്കിലും അത് തെറ്റാണ്. വസ്തുതകൾ സംസാരിക്കുന്നത് ചരിത്രകാരൻ അവയെ വിളിക്കുമ്പോൾ മാത്രമാണ് '. ഏത് വസ്തുതയാണ് പ്രധാനം, ഏത് ക്രമത്തിൽ, ഏത് സന്ദർഭത്തിൽ, എങ്ങനെ അവയെ സംവിധാനം ചെയ്യണമെന്നതെല്ലാം ചരിത്രകാരന്റെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. സ്വതന്ത്രമായ വസ്തു നിഷ്ഠത നിഷ്പക്ഷ വ്യാഖ്യാനങ്ങൾക്ക് വഴി തെളിക്കും. സ്വാർത്ഥ ലാഭേച്ഛകൾക്ക് വേണ്ടിയുള്ള ദുർവ്യാഖ്യാനങ്ങളെ തടയുവാൻ ഇപ്രകാരമുള്ള ചരിത്ര പഠനങ്ങൾക്ക് സാധിക്കും. സർവ്വ സ്വീകാര്യത അവയ്ക്ക് കൈവരികയും ചെയ്യും.

ചരിത്രത്തിലെ ഒരോ സംഭവങ്ങൾക്കും അതിന്റേതായ കാരണങ്ങളുമുണ്ട്. ഒരൊറ്റ കാരണം കൊണ്ട് ഒരു ചരിത്ര സംഭവും ഉടലെടുക്കുന്നില്ല. ദീർഘ കാല കാരണങ്ങൾ, ഹ്യസ്വകാല കാരണങ്ങൾ, രാഷ്ട്രീയ- സാമ്പത്തിക -പ്രത്യയശാസ്ത്ര-മത പരമായ കാരണങ്ങൾ ഇങ്ങനെ പല തരത്തിലുള്ള കാരണങ്ങളാണ് ഒരു സംഭവത്തിലേക്ക് നയിക്കുക. ഉദാ: കൂനൻ കുരിശ് സത്യത്തിലേക്ക് നയിച്ച കാരണങ്ങൾ മേൽപ്പറഞ്ഞ വിധത്തിൽ ഏകദേശം രണ്ടു നൂറ്റാണ്ടോളം കൊണ്ട് ഉടലെടുത്തവയാണ്. കൂനൻ കുരിശ് സത്യമെന്ന ചരിത്ര സംഭവത്തെ പഠിക്കുമ്പോൾ അതിലേക്ക് നയിച്ച കാരണങ്ങളും ചുറ്റുപാടുകളും കൂടി കണക്കിലെടുത്താൽ മാത്രമേ അവ നിഷ്പക്ഷ ചരിത്ര പഠനമാകൂ. നിഷ്പക്ഷ നിരീക്ഷണങ്ങൾ സങ്കുചിതമായ വർത്തമാന സമീപനങ്ങളിൽ നിന്നും നമ്മെ പിൻതിരിപ്പിക്കും.

നസ്രാണി സമൂഹം ഇന്ന് പലതായി വിഭജിക്കപ്പെട്ടുവെങ്കിലും ചരിത്ര പൈതൃക ഗവേഷണ പഠനങ്ങൾക്ക് എക്യുമിനിക്കൽ സൗഹാർദ്ദവും സഹകരണവും ഒഴിച്ചുകൂടാനാവാത്തതാണ്.മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ ഏഴ് ചെറിയ സഹോദര സമൂഹങ്ങൾ വികാസം പ്രാപിച്ച് പുരോഗതിയിലേക്ക് എത്തിയത് പരസ്പര സ്നേഹ സഹകരണങ്ങൾ കൊണ്ടാണ്. ചരിത്ര പഠനങ്ങളിലും പൈതൃക പരിപാലനത്തിലും ഗവേഷണങ്ങളിലും പ്രസ്തുത സഹകരണം ലഭ്യമാകേണ്ടത് നസ്രാണി സമൂഹത്തിന്റെ ഭാവി നിലനിൽപ്പിന്റെ ആവശ്യമാണ്.

പ്രതികൂലമായ ചുറ്റുപാടുകളെ ഇണക്കി തങ്ങൾക്ക് അനുയോജ്യമാക്കി തീർത്താണ് മനുഷ്യൻ അതിജീവനം നടത്തുന്നത്. ചരിത്ര പഠനം ചുറ്റുപാടുകളെ നമുക്ക് മനസ്സിലാക്കി തരുവാനും അവയെ ഇണക്കുവാനും നമ്മെ പര്യാപ്തരാക്കുന്നു. കൂടാതെ ചരിത്രമെന്നാൽ സംഭവ വിവരണം മാത്രമല്ലല്ലോ. കാര്യകാരണ ബന്ധം വിശദീകരിക്കുക കൂടിയാണ് ചെയ്യുന്നത്. അതായത് എന്തു സംഭവിച്ചു എന്നു പറയുക മാത്രമല്ല എന്ത് കൊണ്ട് സംഭവിച്ചുവെന്ന് സ്പഷ്ടമാക്കുക കൂടിയാണ് ചരിത്ര പഠനം ചെയ്യുന്നത്. വർത്തമാനകാലത്തിനെ ചരിത്ര പാഠങ്ങളെ ഉപയോഗിച്ച് ഭൂതകാലത്തിൽ തളച്ചിട്ട് ഭാവി തച്ചുടയ്ക്കുന്ന പ്രവണതകളെ ഒഴിവാക്കുവാൻ ശരിയായ ചരിത്ര പൈതൃക പഠനങ്ങൾ നമ്മെ പ്രാപ്തരാക്കട്ടെ. ●


പ്രാർത്ഥനാപൂർവ്വം
**മരത്തംകോട് എം.ജി.എം യൂണിറ്റ്**
**കുന്നംകുളം ഭദ്രസനം**

നമ്മുടെ കർത്താവിന്റെ രക്ഷാകരമായ കുരിശിന് ആരാധനാക്രമം നൽകുന്ന ഒരു വിശേഷണം കുരിശുമരം എന്നുള്ളതാണല്ലോ.

അനന്തവിഹായസിനെ ലക്ഷ്യമാക്കി വളരുന്നതും സജീവവുമായ മരം കുരിശിന്റെ പര്യായമായി ചേർത്തുവെച്ചത് ഏറെ ആലോചനാമൃതമാണ്. ഭൂമിയിലിഴയുന്ന കേവല മർത്യജന്മങ്ങളായ നമ്മെ അനന്തവിഹായസ്സിലേക്ക് ഉയർത്തുവാനും ഒട്ടും സുരക്ഷിതം അല്ലാതെ അടിക്കടി വിപത്തുകളും വിനാശങ്ങളും മഹാമാരികളും പ്രളയഭീതിയും ഒക്കെ വല്ലാതെ നൊമ്പരപ്പെടുത്തുന്ന ജീവിതപരിത സ്ഥിതികളിൽ കിടന്നു വലയുന്ന നമ്മെ തരു ശാഖികളാൽ മറയ്ക്കുവാനും അതിലൊരു ചെറുകൂടൊരുക്കി സംരക്ഷിക്കുവാനും ജീവിത യാഥാർത്ഥ്യങ്ങളാകുന്ന  എരിവയിലിൽ തെല്ലൊന്നു തണൽ



ഫാ.തോമസ് രാജു
(യുവജനം ത്രൈമാസിക,
മുൻ ചീഫ് എഡിറ്റർ)



# കുരിശുമരം

പകരുവാനും രക്ഷകന്റെ കുരിശുമരം സാധ്യമാക്കുന്നു എന്ന ആഴമായ പരികൽപന ഇതിന് പിന്നിലുണ്ട്. യേശുക്രിസ്തു നിർവഹിച്ച രക്ഷാകര വ്യാപാരത്തിൽ കുരിശ് ചില ആഴമായ ഉൾക്കാഴ്ചകൾ നമുക്ക് നൽകുന്നുണ്ട്

**1. കുരിശ് ഒരു നിയോഗമാണ്**

പിതാവാം ദൈവത്തിന്റെ വാത്സല്യ ഭാജനമായ ക്രിസ്തു അക്കാലത്ത് നിന്ദ്യമെന്ന് കരുതിയ കുരിശുമരത്തിലേക്ക് തന്റെ ശരീരത്തെ വെച്ചു തറക്കുവാനായി വിട്ടുകൊടുത്തു എന്നത് സൂചിപ്പിക്കുന്നത് - ചില നിയോഗങ്ങൾ അത് എത്ര പുരുഷമായാലും അവയ്ക്കായി സ്വയം മറന്നു സമർപ്പിക്കുവാനുള്ള സന്നദ്ധത ഏവർക്കും ഉണ്ടാകണം എന്നതു തന്നെയാണ്. നമ്മുടെ പരിസരങ്ങളിൽ നിയോഗങ്ങൾ വഴി ലഭിക്കുന്ന അഭിമാനവും ആനന്ദവും മറ്റു നേട്ടങ്ങളും ഒക്കെയാണ് വിഷയീഭവിക്കുന്നത്. നിയോഗങ്ങൾ വെച്ചു നീട്ടുന്നത് എന്താണെങ്കിലും അത് അതേപടി ഉൾക്കൊള്ളുവാൻ തക്കവണ്ണം ഉള്ള ആത്മസന്നദ്ധതയാണ് യഥാർത്ഥത്തിൽ നമുക്ക് ഉണ്ടാകേണ്ടത്. ക്രിസ്തു ഈ പാതയിൽ പദമൂന്നിയ ആളാണ്. നിന്ദയ്ക്കും ആക്ഷേപങ്ങൾക്കും പരിഹാസങ്ങൾക്കും ഒറ്റപ്പെടലുകൾക്കുമായുള്ള നിയോഗം സന്തോഷത്തോടെ ക്രിസ്തു സ്വീകരിച്ചു.

**2. കുരിശ് ജീവിതയാത്രയിൽ പ്രത്യാശ പകരുന്ന വിളക്കുമരമാണ്**

ഏറെ തകർക്കപ്പെട്ട പരിഹസിക്കപ്പെട്ട യേശുക്രിസ്തു വർദ്ധിതമായ വേദനയുടെ നടുവിലും കുരിശിൽ കിടന്നുകൊണ്ട് അരുളിച്ചെയ്ത തിരുമൊഴികൾ സത്യത്തിൽ വലിയ പാഠപുസ്തകവും അനുകരിക്കുവാനുള്ള ഒരു വാതായനവുമാണ്. നീറുന്ന വേദനകൾക്കിടയിലും ഒരുവന് എങ്ങനെ പ്രത്യാശയുടെ തിരിവെളിച്ചം ചുറ്റുപാടുകളിലേക്കും പകരുവാൻ സാധിക്കും എന്നതിന്റെ നിദർശനമാണ് കുരിശിലെ മൊഴികളത്രയും. ഏറെ പീഡിപ്പിക്കപ്പെട്ട തകർക്കപ്പെട്ട കുരിശിലേറ്റിയാലും കുരിശിതൻ വർദ്ധിതമായ തേജസോടെ മൂന്നാം നാൾ ഉയിർക്കും എന്നാ മഹാ വലിയ സന്ദേശം കുരിശു കാണുമ്പോൾ തന്നെ നമ്മുടെ ഹൃദയത്തിൽ അറിയാതെ രൂപപ്പെടും. സാധാരണ മനുഷ്യരാകുന്ന നമുക്ക് അനുദിന ജീവിതത്തിൽ വഹിക്കേണ്ടി വരുന്ന കുരിശുകൾ ഏറെയാവാം! ഒന്ന് നിശ്ചയമാണ് ഈ കുരിശുകൾ അനതി വിദൂരമല്ലാത്ത മൂന്നാം നാളിൽ സന്തോഷ കാരണങ്ങളായി രൂപാന്തരപ്പെടുക തന്നെ ചെയ്യും

**3. സംരക്ഷണവും ശക്തിയും പകരുന്ന ആയുധമാണ്.**

വിജയകരമാകുന്ന കുരിശിന് ദുഃഖവെള്ളിയുടെ ആരാധനയിൽ നൽകുന്ന ഒരു വിശേഷണം രക്ഷയിൻ പരിച എന്നുള്ളതും ശത്രുക്കളെ കുത്തി മുറിക്കുന്ന ആയുധം എന്നുള്ളതുമാണ്. എല്ലാക്ഷതങ്ങളും ഏറ്റുവാങ്ങിക്കൊണ്ട് ധരിക്കുന്നവനെ സംരക്ഷിക്കുന്ന പരിചയായി കർത്താവിന്റെ കുരിശു നിലകൊള്ളുകയും ആന്തരികവും ബാഹ്യവും ആകുന്ന ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന് സംരക്ഷിക്കുന്ന ആയുധമായി കുരിശ് വർത്തിക്കുകയും ചെയ്യുന്നു. നാമറിയാതെ നമുക്കുവേണ്ടി ഇരവിലും പകലിലും യുദ്ധം ചെയ്യുന്ന അദൃശ്യ ആയുധമായ സ്ലീബായുടെ പക്ഷങ്ങളുടെ കീഴിൽ അഭയപ്പെടുക എന്നത് തന്നെയാണ് കരണീയമായിട്ടുള്ളത്. വിശുദ്ധ തോമസ് അക്കമ്പീസ് സാക്ഷ്യപ്പെടുത്തും പോലെ കുരിശിന്റെ നിഴലിലാണ് നാം ജീവിക്കുന്നതത്രയും...


In the Cross is Salvation;
In the Cross is life;
in the Cross is protection against our enemies;
in the Cross is infusion of heavenly sweetness;
in the Cross is strength of mind;
in the Cross is joy of spirit; in the Cross is excellence of virtue;
in the Cross is perfection of holiness

പ്രാർത്ഥനാപൂർവ്വം

ചിറളയം സെന്റ്. ലാസറസ് യൂണിറ്റ്
കുന്നംകുളം ഭദ്രാസനം



# മനുഷ്യ വികാരങ്ങളിലൂടെ



ഹർഷ കെ. വിശ്വം
കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്

പലവിധ ഇമോഷൻസ് അഥവാ മനോവികാരമുള്ള ഒരു ജീവിയാണ് മനുഷ്യൻ. ശരീരശാസ്ത്രപരമായതും, മാനസികമായതുമായ ചേതോവികാരം, ചിന്ത, സ്വഭാവം എന്നിവയുടെ കാഴ്ചപ്പാടാണ് മനോവികാരം അഥവാ വികാരം (emotion) എന്ന് പറയുന്നത്. മനോവികാരം എന്നത് ആത്മനിഷ്ഠമായ ഒരു അനുഭവമാണ്. പോൾ എക്മാന്റെ തീയതി പ്രകാരം മനുഷ്യരിൽ പ്രധാനമായും 6 വികാരങ്ങളാണുള്ളത്. സങ്കടം, സന്തോഷം, ഭയം, വെറുപ്പ്, ദേഷ്യം, ആശ്ചര്യം ഈ ആറു വികാരങ്ങളും മനുഷ്യന് ആവശ്യപ്പെട്ടതാണ്. നമ്മളിൽ പലരും എല്ലാ വികാരങ്ങളെയും ഉൾക്കൊള്ളാൻ തയ്യാറല്ലാത്തവരാണ് സന്തോഷം എന്ന വികാരത്തിന് അമിതമായ പ്രാധാന്യവും മറ്റു വികാരങ്ങൾക്ക് ആവശ്യമായ പരിഗണന കൊടുക്കാത്തവരുമാണ് നമ്മൾ. സങ്കടം വരുമ്പോൾ കരയുന്നത് പോലെ ഒരു മനശാന്തി ചിരിച്ചുകൊണ്ടിരുന്നാൽ കിട്ടുമോ?

മനുഷ്യന് വികാരം നഷ്ടമായാൽ എന്ത് സംഭവിക്കും? നമ്മുടെ തലച്ചോറിലെ Limbic System, Prefrontal Cortex എന്നീ ഭാഗങ്ങളാണ് നമ്മുടെ വികാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നത്. ഈ ഭാഗങ്ങളിലുണ്ടാകുന്ന തകരാറുകൾ പലപ്പോഴും മനുഷ്യന്റെ വൈകാരികപരമായ പ്രതികരണങ്ങളെ ബാധിക്കാറുണ്ട്. ഡെസ്കാർട്ടെസ് ഇറർ (Descarte's error) എന്ന പുസ്തകത്തിൽ ആന്റോണിയോ ഡെമാസിയോ അദ്ദേഹത്തിന്റെ Patient എലിയോട്ടിനെ കുറിച്ച് പറയാനുണ്ട്. എലിയോട്ടിന്റെ തലച്ചോറിൽ ഒരു ട്യൂമർ വന്നതിനെതുടർന്ന് സർജ്ജറി നടത്തുകയും, സർജ്ജറിയിൽ എലിയോട്ടിന്റെ തലച്ചോറിലെ Prefrontal lobe -ന്റെ Infected ആയ കുറച്ചു ഭാഗം മുറിച്ചു മാറ്റേണ്ടിയും വന്നു. ഇതിനെ തുടർന്ന് എലിയോട്ടിന്റെ സ്വഭാവത്തിൽ വ്യത്യാസങ്ങളുണ്ടായി. എലിയോട്ടിന് തീരുമാനങ്ങൾ എടുക്കാൻ

പ്രാർത്ഥനാപൂർവ്വം
നെഹ്റു നഗൾ മാർ ഗ്രീഗോറിയോസ്
തൃശൂർ
കൊച്ചി ഭദ്രാസനം

ബുദ്ധിമുട്ടുള്ളതായി അനുഭവപ്പെട്ടു. തുടർന്ന് എലിയോട്ടിൽ പല Intelligence (ബുദ്ധി) ടെസ്റ്റുകളും, Memory (ഓർമ്മ) ടെസ്റ്റുകളും നടത്തി, അതിലെല്ലാം മികച്ച ഫലങ്ങളാണ് അദ്ദേഹത്തിന് ലഭിച്ചത്. അപ്പോഴെല്ലാം എലിയോട്ടിന് ബുദ്ധിപരമായി മുന്നോട്ടു നിൽക്കുന്നു എന്ന ഫലമാണ് ലഭിച്ചത്. പിന്നീടുള്ള ഡെമാസിയോയുടെ നിരീക്ഷണത്തിൽ എലിയോട്ടിന് വൈകാരികപരമായ പല വ്യത്യാസങ്ങൾ സംഭവിച്ചാതായി അറിയുന്നത്.വികാരങ്ങൾ ഇല്ലാത്താ ഒരു അവസ്ഥയിലേക്കാണ് എലിയോട്ട് എത്തിയത്. വികാരങ്ങളില്ലാത്ത അവസ്ഥയിൽ മനുഷ്യന് തീരുമാനങ്ങൾ എടുക്കാൻ സാധിക്കില്ല. അതുകൊണ്ടാണ് ഒരു ചെറിയ കാര്യങ്ങളിൽ പോലും എലിയോട്ടിന് തീരുമാനങ്ങൾ എടുക്കാൻ സാധിക്കാതെ വന്നത്.

വികാരങ്ങൾ ഏതു തന്നെയാവട്ടെ മനുഷ്യന്റെ ജീവിതത്തിൽ അതിന് ഒരുപാട് പ്രാധാന്യമുണ്ട്. മനുഷ്യന് ജീവിതത്തിൽ മുന്നേറാൻ വേണ്ട കഴിവുകളിൽ പ്രധാനപ്പെട്ട ഒന്നാണ് വൈകാരിക ബുദ്ധി (emotional intelligence). വൈകാരിക ബുദ്ധി എന്നു പറഞ്ഞാൽ നിങ്ങളുടെ വികാരങ്ങളെ മനസ്സിലാക്കാനും അതിനെ കൈകാര്യം ചെയ്യാനുമുള്ള കഴിവിനെയാണ്. ഉയർന്ന വൈകാരിക ബുദ്ധിയുള്ളവർക്ക് സ്വന്തം വികാരങ്ങളെയും, മറ്റുള്ളവരുടെ വികാരങ്ങളെയും മനസ്സിലാക്കാനും, തന്റെ വികാരങ്ങൾ മറ്റുള്ളവരെ എങ്ങനെ ബാധിക്കും എന്ന് മനസ്സിലാക്കാനും നിയന്ത്രിക്കാനും സാധിക്കുന്നവരാണ്. സന്തോഷം മാത്രമല്ല നമുക്ക് ആവശ്യം. ഭയമെന്ന ഒരു വികാരം നമുക്കുള്ളത് കൊണ്ടാണ് കുരച്ചുകൊണ്ട് ഒരു നായ നമ്മുടെ അരികിലേക്ക് വന്നാൽ നമ്മൾ പുറകിലേയ്ക്ക് വലിയുന്നതും, ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നതും. നമ്മുടെ മനസ്സിന്റെയും ശരീരത്തിന്റെയും ആവശ്യങ്ങൾ നമ്മളിലേക്ക് എത്തിക്കുന്നത് നമ്മുടെ മനോവികാരങ്ങളാണ്. മനോവികാരങ്ങൾ മനുഷ്യജീവിതത്തിന്റെ അതിജീവനത്തിന്റെ ഭാഗമാണ്.

എല്ലാ വികാരങ്ങളുടേയും പ്രാധാന്യം നമുക്ക് നന്നായി അറിയാത്തതുകൊണ്ട് നമ്മുടെ ജീവിതത്തിൽ പല ബുദ്ധിമുട്ടുകളും നാം അറിഞ്ഞോ, അറിയാതെയോ അനുഭവിക്കുന്നുണ്ട്. കരഞ്ഞുകൊണ്ടിരിക്കുന്ന ഒരാളുടെ തോളിൽ കുലുക്കി "കരയരുതേ ഇതിനൊക്കെ ആരെങ്കിലും കരയുമോ?" എന്ന് ചോദിക്കുന്നത്, പലപ്പോഴും സങ്കടം എന്ന വികാരത്തെ നാം മോശമായി കണക്കാക്കുന്നതുകൊണ്ടാണ്. നമുക്ക് ഏറ്റവും പ്രിയപ്പെട്ട ഒരാളുടെ വേർപാടു സംഭവിക്കുമ്പോൾ, ഒരു സ്നേഹബന്ധം വേർപിരിയുമ്പോൾ സങ്കടം തോന്നുന്നതും, കരയുന്നതും സ്വഭാവികമാണ്. അവിടെ സങ്കടം എന്ന വികാരം അനുഭവിക്കാൻ സാധിക്കാതെ വരുന്ന ഒരു അവസ്ഥ ഭീകരമായിരിക്കും. എന്നാൽ ഈ മനോവിഷമം നിങ്ങളെ ഒരുപാട് കാലങ്ങളായി പിന്തുടരുന്നു എന്ന് തോന്നുന്ന നിമിഷമാണ് ശ്രദ്ധിക്കേണ്ടത്.

അതുപോലെ നാം ചെയ്യുന്ന മറ്റൊരു 'മണ്ടത്തരം' എന്നുതന്നെ പറയാം. വികാരങ്ങളെ ജൻഡറിന്റെ പേരിൽ തരം തിരിക്കുന്നത്. ഒരു വികാരവും ഒരു പ്രത്യേക ജൻഡറിന്റെ കുത്തകയല്ല. "പെണ്ണുങ്ങളെ പോലെ കരയാതെടാ" - അതെന്താ പെണ്ണുങ്ങൾക്ക് മാത്രമേ കരയാൻ പാടുള്ളോ? സങ്കടം വന്നാൽ ഏതു ജെൻഡറിലുള്ള വ്യക്തിക്കും കരയാനുള്ള സ്വാതന്ത്ര്യം നാം കൊടുക്കണം. കരയുന്നവരെ കളിയാക്കാതെയിരിക്കുക. കരയുക എന്നത് നമുക്ക് ബലഹീനതയുള്ളത് കൊണ്ടല്ല. വികാരങ്ങളെ മനസ്സിലാക്കാനും ഉൾകൊള്ളാനും സാധിക്കുന്ന ഒരാളാണ് കരയുന്നത്. അതിന് വൈകാരിക ബുദ്ധിയുണ്ട് എന്നാണ് നാം മനസ്സിലാക്കേണ്ടത്.

കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു കുഞ്ഞിനെ പറന്നു പോകുന്ന കാക്കയെ കാണിച്ച് കരച്ചിൽ നിർത്തേണ്ട ആവശ്യം ഉണ്ടോ? കരയുന്ന കുഞ്ഞിനെ ചേർത്തു പിടിക്കുക, കുട്ടികളെ സംബന്ധിച്ച് അവരുടെ Limbic System പൂർണ്ണമായും വികസിച്ചിട്ടുണ്ടാവില്ല. അതുകൊണ്ടുതന്നെ അവർക്ക് emotional regulations സ്വയം ചെയ്യാൻ അറിയുന്നുണ്ടാവില്ല. ചെറിയ കുട്ടികളെ നോക്കിയാൽ തന്നെ നമുക്ക് കാണാൻ സാധിക്കും വളരെ ചെറിയ കാര്യങ്ങളാവും അവരെ ദേഷ്യം പിടിപ്പിക്കുന്നത്, അസ്വസ്ഥമാക്കുന്നത്. ഇതിനെതുടർന്ന് അവർ ദേഷ്യം കാണിക്കുന്നത്, കരയുന്നത് എല്ലാം സാധാരണമാണ്. ഇവിടെ മാതാപിതാക്കൾ കുട്ടികളെ അവരുടെ വികാരങ്ങളെ മുഴുവനായി അനുഭവിക്കാൻ അനുവദിക്കുകയാണ് വേണ്ടത്. അപ്പോൾ മാത്രമാണ് കുട്ടികൾക്ക് നല്ല രീതിയിലുള്ള വൈകാരിക വളർച്ചയുണ്ടാവുന്നത്. മാതാപിതാക്കൾ കുട്ടികളുടെ സന്തോഷം എന്ന വികാരത്തെ സ്വീകരിക്കുന്നതുപോലെ മറ്റ് വികാരങ്ങളെയും സ്വീകരിക്കുവാൻ തയ്യാറാകണം.

കുട്ടികൾ അവരുടെ ഓരോ പ്രായത്തിലും അതിനു അനുസരിച്ചുള്ള പ്രശ്നങ്ങളിലൂടെയാവാം കടന്നു പോകുന്നത്.

ഇതിനെ തുടർന്നുണ്ടാകുന്ന മാനസികപരമായ ബുദ്ധിമുട്ടുകൾ കുട്ടികൾ വീട്ടിൽ സംസാരിക്കുമ്പോൾ അതിനെ വിലകൊള്ളാത്ത രീതിയിൽ സംസാരിക്കാതിരിക്കാൻ വീട്ടിലുള്ളവർ ശ്രദ്ധിക്കണം.

സങ്കടം, ദേഷ്യം, വെറുപ്പ്, ആശ്ചര്യം, ഭയം, സന്തോഷം എന്നിങ്ങനെയുള്ള എല്ലാ വികാരങ്ങളും നമുക്ക് ആവശ്യമാണ്. ഈ വികാരങ്ങൾ ഒന്നും നമ്മുടെ ശത്രുക്കളല്ല എന്നാൽ ഇതിനെ വേണ്ട രീതിയിൽ നാം കൈകാര്യം ചെയ്യേണ്ടത് അനിവാര്യമാണ്. നിങ്ങൾ ഒരു പ്രത്യേക മനോവികാരത്തിൽ മാത്രം കുടുങ്ങി പോയതായി അനുഭവപ്പെടുന്നുണ്ടോ? നിങ്ങളുടെ വികാരത്തെ നിയന്ത്രിക്കാൻ സാധിക്കാതെ വരികയും അതു നിങ്ങളുടേയും, നിങ്ങളുടെ ചുറ്റുമുള്ളവരെയും ബാധിക്കുന്നതായി തോന്നുന്നുണ്ടോ? ഇങ്ങനെയെല്ലാം തോന്നുന്നുണ്ടെങ്കിൽ നമ്മൾ ശ്രദ്ധിക്കണം. അങ്ങനെയുള്ള സാഹചര്യത്തിൽ ചിലപ്പോൾ നമുക്ക് സ്വയം പരിഹരിക്കാൻ കഴിയുന്നില്ല എന്ന് തോന്നുന്നുയെങ്കിൽ നിങ്ങൾക്ക് ഒരു മാനസികാരോഗ്യ വിദഗ്ധരെ കാണാൻ ശ്രമിക്കണം. (എപ്പോഴും കൃത്യമായ, ശാസ്ത്രീയമായ രീതിയിൽ മാനസിക ബുദ്ധിമുട്ടുകളെ കൈകാര്യം ചെയ്യുന്ന ഒരാളെ കൺസൾട്ട് ചെയ്യാൻ ശ്രദ്ധിക്കണം).



# മാനുഷിക വിചാരങ്ങൾക്കപ്പുറമുള്ള ദൈവദർശനം



മെർലിൻ റ്റി. മാത്യു
പുത്തൻക്കാവ്

കോവിഡാനന്തര കാലഘട്ടം. വെല്ലുവിളികൾ ഏറെ.Digital Workship മാധ്യമ സംസ്കാരത്തിന്റ പുതിയ ദിശ ചൂണ്ടിക്കാട്ടുന്നു. ആത്മിയയില്ലാത്ത മതാത്മകതയും ആചാരാനുഷ്ഠാനങ്ങളോടുള്ള വിമുഖതയും സഭയും സമൂഹവും അഭിമുഖികരിക്കുന്ന പ്രശ്നങ്ങളിലൊന്നായി മാറിയിട്ടുണ്ട്. ഇവിടെയാണ് കോവിഡാനന്തര പശ്ചാത്തലങ്ങളിലെ മതബോധം, നോഹയുടെ പ്രളയാനന്തര ജീവിതത്തിലെ ചില അനുഭവങ്ങളുമായി സാധർമ്മയപ്പെടുത്തേണ്ടതിന്റെ ആവശ്യകത വിളിച്ചറിയിക്കുന്നത്.

I നഷ്ടപ്പെട്ട കാലങ്ങളുടെ ആഘോഷങ്ങൾ തിരിച്ചുപിടിക്കലല്ല, കോവിഡാനന്തര കാലഘട്ടത്തിലെ ലക്ഷ്യവും ഉത്തരവാദിത്വവും പിന്നയോ ദൈവാഭിമുഖ്യത്തിലുള്ള യുവജന കൂട്ടായ്മകളും ദൈവദർശനത്തിനുവേണ്ടിയുള്ള ആത്മീയ വേദികളും രൂപപ്പെടുത്തണം. ഉല്പത്തി 9:20 നോഹ കൃഷി ചെയ്യുവാൻ തുടങ്ങി. ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി. അവൻ അതിലെ വീഞ്ഞു കുടിച്ചു ലഹരി പിടിച്ചു തന്റെ കൂടാരത്തിൽ വസ്ത്രം നീങ്ങി കിടന്നു. കനാന്റെ പിതാവായ ഹാം പിതാവിന്റെ നഗ്നത കണ്ടു വെളിയിൽ ചെന്നു തന്റെ രണ്ടു സഹോദരന്മാരെയും അറിയിച്ചു. നോഹയെ പ്രളയത്തിൽ നിന്ന് പെട്ടകത്തിനുള്ളിൽ സംരക്ഷിച്ചിട്ടും ജീവിതമാകുന്ന ഓട്ടത്തിൽ കേടുപാടുകളും കോട്ടങ്ങളും സംഭവിച്ചതായി നാം വായിക്കുന്നു. ഇന്ന് ക്രൈസ്തവ സമൂഹം പൊതുസമൂഹത്തിനു കൊടുക്കുന്ന ആരാധനയിലെ ആത്മീയ ജീവിതം വഴിയായുള്ള സാക്ഷ്യം എന്താണ്? പുതുക്കമുള്ള ആത്മാവോടു കൂടി പുതുമക്കളെ

പ്രാർത്ഥനാപൂർവ്വം
**ആർത്താറ്റ് സെന്റ് മേരീസ് യൂണിറ്റ്**
**കുന്നംകുളം ഭദ്രസനം**

**പാപപ്രവൃത്തികളെപ്പറ്റിയുള്ള അനുതാപത്തിന്റെയും പശ്ചാത്തലത്തിന്റെയും പശ്ചാത്തലത്തിൽ പുറകോട്ടു തിരിഞ്ഞു നോക്കിയശേഷം ഒരു പുതിയ ജീവിതം തുടരുമെന്നു തീരുമാനിക്കുക**

സമൂഹത്തിന് പകരുവാൻ കഴിഞ്ഞിട്ടുണ്ടോ?

Post Covid Period Hcp Renewal Period BIWw 2 Types of Renewal ജീവിതത്തിലുണ്ടാകണം (a) പാപപ്രവൃത്തികളെപ്പറ്റിയുള്ള അനുതാപത്തിന്റെയും പശ്ചാത്തലത്തിന്റെയും പശ്ചാത്തലത്തിൽ പുറകോട്ടു തിരിഞ്ഞു നോക്കിയശേഷം ഒരു പുതിയ ജീവിതം തുടരുമെന്നു തീരുമാനിക്കുക. (b) നസ്രായനായ യേശു നാഥന്റെ മാതൃകയിലുള്ള Renewal. പാപത്താൽ പങ്കിലപ്പെട്ടിട്ടില്ലെങ്കിലും സ്വർഗ്ഗസ്ഥനായ നാഥനുമായി പ്രാർത്ഥനയാകുന്ന പാശത്താൽ കൂടുതൽ ബന്ധപ്പെട്ട് ആത്മീയമായ ഊർജ്ജം ഉജ്വലിപ്പിക്കുക.

II സുവിശേഷ സംവേദനത്തിനുവേണ്ടിയുള്ള ആത്മീയ വേദികൾ യുവജന കൂട്ടായ്മയുടെ ശക്തവും വ്യക്തവുമായ Post Covid Agenda ആകണം

ഉല്പത്തി 8: 11 പ്രാവ് വൈകുന്നേരത്ത് അവന്റെ അടുക്കൽ വന്നു. അതിന്റെ വായിൽ അതാ, ഒരു പച്ച ഒലിവില. അതിനാൽ ഭൂമിയിൽ വെള്ളം കുറഞ്ഞു എന്ന് നോഹ അറിഞ്ഞു. പൗരസ്ത്യ ആരാധന ക്രമത്തിലെ ഒരു നമസ്കാരത്തിൽ ഇങ്ങനെ പ്രാർത്ഥിക്കുന്നു., സൈത്തിലയും നേടി ത്തിരികെ നോഹിങ്കൽ പ്രാവെത്തിയപോൽ-കാരുണ്യം നേടിത്തിരികെ ഞങ്ങളുടെ യാചന ചേരട്ടെ. പ്രാവിലൂടെ ലഭിച്ച ഒലിവില ഭൂമി സുരക്ഷിതമാണെന്നും ജീവന്റെ ആംശം ഭൂമിയിൽ തുടിക്കുന്നുവെന്നുമുള്ള പ്രത്യാശ ഒരു വേദചിന്തകൾ ഈ പശ്ചാത്തലങ്ങളെക്കുറിച്ച് ഇങ്ങനെ എഴുതി, The great use of life is to spend it on something that will out last it. സ്വപ്നലോകത്തു നിന്ന് യാഥാർത്ഥ്യങ്ങളിലേക്ക് നോഹയേയും കുടുംബത്തേയും നയിക്കുന്നത് പ്രാവിന്റെ ഒലിവില നൽകപ്പെടുന്ന പ്രത്യാശയാണ്.

III കോവിഡാനന്തര കാലഘട്ടത്തിലെ വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടതിന് ദൈവസന്നിധിയിലെ സാദ്ധ്യതകളെ കണ്ടെത്തി വിശ്വാസ ജീവിതത്തിന്റെ പൂർണതകൾ കൈവരിക്കണം. FAITH THAT HELPS TO SEE THE POSSIBILITIES OF GOD.

എബ്രായർ 11:6 ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ. ഉല്പത്തി 6:7 നോഹ ഒരു മലങ്കാക്കയെ പുറത്തുവിട്ടു അതു പുറപ്പെട്ടു. ഭൂമിയിൽ വെള്ളം വറ്റിപ്പോയതുവരെ പോയും വന്നും കൊണ്ടിരുന്നു. ഉല്പത്തി 6:8 ഭൂമിയിൽ വെള്ളം കുറഞ്ഞുവോ എന്നറിയേണ്ടതിനു അവൻ ഒരു പ്രാവിനെയും തന്റെ അടുക്കൽ നിന്നും പുറത്തുവിട്ടു. ഉല്പത്തി 6:10. 7 ദിവസം കഴിഞ്ഞിട്ട് അവൻ വീണ്ടും ആ പ്രാവിനെ പെട്ടകത്തിൽ നിന്ന് പുറത്തുവിട്ടു.

വിശ്വാസജീവിതത്തിന്റെ ലക്ഷ്യം ദൈവത്തിന്റെ ഉറവിടങ്ങളിൽ നിന്നും നിരന്തരം വെല്ലുവിളികളെ നേരിടുവാനുള്ള സാദ്ധ്യതകളെ കണ്ടെത്തുകയാണ്.

രാഷ്ട്രബോധങ്ങളും മതബോധങ്ങളും രാഷ്ട്രീയ സാംസ്കാരിക സാമൂഹിക അവബോധവും നിറഞ്ഞു നിൽക്കുന്ന കേരളത്തെ ഇന്ന് അസ്വസ്ഥമാക്കുന്നത് വ്യക്തികളുടെ ഇടയിലെ ലഹരി ഉപയോഗമാണ്

മദ്യപാനശീലം, പട്ടിണികൊണ്ടുള്ള ആത്മഹത്യ, വിവാഹമോചനം ഇവയെല്ലാം ദൗത്യപാതയിലെ വെല്ലുവിളികളാണ്. മാത്രമല്ല മനുഷ്യൻ തന്റെ ഉപഭോഗ തൃഷ്ണയെ വെളിപ്പെടുത്തുവാൻ, വികസനത്തിന്റെ മറവിൽ പ്രകൃതിയെ നശിപ്പിക്കുന്നു. ആയതിന്റെ ഫലമായി പ്രകൃതി ദുരന്തങ്ങളും, ഭൂചലനങ്ങളും, വെള്ളപ്പൊക്കവും, മഹാമാരിയും, കഠിന വരൾച്ചയും, ശുദ്ധജലക്ഷാമവും നാം ഏറ്റുവാങ്ങികൊണ്ടിരിക്കുകയാണ്. ഈ സാഹചര്യങ്ങളിൽ നിന്നും മുക്തി നേടുവാൻ ദൈവവിശ്വാസത്തിൽ ബലപ്പെട്ട്, സമൂഹത്തിലെയും പ്രകൃതിയിലെയും സാദ്ധ്യതകൾ മനുഷ്യജീവിതത്തിന്റെ നിലനിൽപിന് വേണ്ടി യുവജന ആത്മീയവേദികൾ കണ്ടെത്തിയേണ്ടിരിക്കുന്നു.

So Reach out from the ark to the people and to the nature for the reformation of the community. കവിവാക്യവും ഓർമ്മിപ്പിക്കുന്നതിങ്ങനെ:

ആരോടും ചേരുവാനാകാതെ ,
വൈദ്യുത വീചിപോലാപത്തായ്
മാറും കാലം
തിരികെ വരാം നോഹയെപ്പോൽ
വരും കാലങ്ങൾക്കായ്
ഈ മനോഹരകാലം നെയ്തുണ്ടാക്കാം
അടുക്കലായി: അപരനിലേക്ക്
ആഘോഷങ്ങളല്ല, ആരവങ്ങളല്ല
ആരാധനയുടെ പശ്ചാത്തലങ്ങളിൽ

വിശ്വാസജീവിതത്തിന്റെ സാദ്ധ്യത കണ്ടെത്തി സമൂഹത്തെ ഉദ്ധരിക്കാം.

മലങ്കര സഭയിലെ പുരാതന ദൈവാലയങ്ങളെ പരിചയപ്പെടുത്തുന്ന പുതിയ പംക്തി

## ദൈവാലയ പരിചയം

# ആർത്താറ്റ് പള്ളി



റ്റിബിൻ ചാക്കോ

കേരളത്തിലെ ആദ്യകാല വ്യാപാര കേന്ദ്രങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന പ്രദേശമായിരുന്നു ചാട്ടുകുളങ്ങര. ഈ പ്രദേശത്ത് നിന്ന് മുസിരിസ് - പൊന്നാനി തുടങ്ങിയ തുറമുഖങ്ങളിലേക്ക് ജലമാർഗ്ഗം ധാരാളം ചരക്കുകൾ എത്തിച്ചിരുന്നു. വ്യാപാര കേന്ദ്രമായിരുന്ന ഇവിടെ ധാരാളം ജൂതന്മാർ താമസിച്ചിരുന്നു. വി. തോമശ്ലീഹായുടെ വരവോടുകൂടി ചാട്ടുകുളങ്ങര പ്രദേശത്ത് ക്രൈസ്തവ സമൂഹം രൂപം കൊണ്ടു. ഈ ക്രൈസ്തവ സമൂഹത്തിനായി എ.ഡി. 52-ൽ പ. തോമാശ്ലീഹാ വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ചതാണ്. ആർത്താറ്റ് സെന്റ് മേരീസ് ദൈവാലയം.

1789 ൽ ടിപ്പു സുൽത്താൻ ഈ ദൈവാലയത്തെ ആക്രമിക്കുകയും തീവെച്ച് നശിപ്പിക്കുകയും ചെയ്തു. റോമാക്കാരുമായുള്ള തർക്കത്തിന്റെ ഫലമനായി പൂട്ടികിടന്ന ദൈവാലയം ശക്തൻ തമ്പുരാന്റെ ഇടപെടൽ മൂലം മലങ്കര സഭയ്ക്ക് ലഭിക്കുകയും പുലിക്കോട്ടിൽ ഇട്ടൂപ്പ് മൽപ്പാൻ ദൈവാലയ പുനർനിർമ്മാണത്തിന് നേതൃത്വം കൊടുക്കുകയും ചെയ്തു. പുനർ നിർമ്മിച്ച ദൈവാലയം വി. കൂദാശ നിർവ്വഹിച്ചത് മാർത്തോമ്മ ആറാമൻ ആയിരുന്നു. ഈ അവസരത്തിൽ ആർത്താറ്റ് പള്ളി വികാരിയും പന്ത്രണ്ട് ഇടവക പ്രതിനിധികളും ചേർന്ന് വിദേശ മെത്രന്മാരുടെ ഉപദേശവും അവവരുടെ പാതയും പിന്തുടരുകയില്ലെന്ന് മാർത്തോമ്മ മെത്രാപ്പോലീത്താക്ക് എഴുതി നൽകിയ പ്രതിജ്ഞയാണ് ആർത്താറ്റ് പടിയോല എന്നറിയപ്പെടുന്നത്.

ഫ്രാൻസിസ് ബുക്കാനൻ, ക്ലോഡിയസ് ബുക്കാനൻ എന്നിവർ വിവധ കാലയളവുകളിൽ ഈ ദൈവാലയം സന്ദർശിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിലെ വലിയ സെമിത്തേരികളിൽ ഒന്നായ ആർത്താറ്റ് പള്ളി സെമിത്തേരി മതിലിന്റെ നിർമ്മാണ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചത് പ. പരുമല തിരുമേനിയാണ്.

ആർത്താറ്റ് പള്ളിയും ചുറ്റുമുള്ള ദൈവാലയങ്ങളും ഉൾപ്പെടുത്തി പ. സഭ 1985 ൽ കുന്നംകുളം ഭദ്രാസനം രൂപം കൊടുത്തു. തുടർന്ന് പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ഈ ദൈവാലയത്തെ കത്തീഡ്രലായി ഉയർത്തി. പ. മാർത്തോമ്മ ശ്ലീഹായുടെ സാന്നിദ്ധ്യം കുടി കൊള്ളുന്ന ഈ ദൈവാലയം ഇത് മലങ്കര സഭയുടെ അഭിമാന ദൈവാലയങ്ങളിൽ ഒന്നായി നിലകൊള്ളുന്നു.





# നേത്ര ആരോഗ്യം



ഡോ. സിയാ സിജു പുലിക്കോട്ടിൽ
ബി.എ.എം.എസ്

മനുഷ്യരിൽ പ്രകാശത്തോട് പ്രതികരിക്കുകയും കാഴ്ച എന്ന അനുഭവം സാധ്യമാക്കുവാൻ സഹായിക്കുകയും ചെയ്യുന്ന ഒരവയവമാണ് മനുഷ്യനേത്രം. കാഴ്ച ഇല്ലാത്ത ലോകം എന്നത് നമുക്ക് സ്വപനത്തിൽ പോലും സങ്കൽപ്പിക്കാൻ കഴിയുന്ന ഒന്നല്ല. മനുഷ്യ കണ്ണിന് ഏകദേശം 10 ദശലക്ഷം നിറങ്ങൾ തമ്മിൽ വേർതിരിച്ചറിയാൻ കഴിയും. ശരീരത്തിലെ സെൻസറി നാഡിവ്യവസ്ഥയുടെ ഭാഗമാണ് കണ്ണ്. ആരോഗ്യമുള്ള കണ്ണുകൾ ഒരു വ്യക്തിയുടെ പൊതുവായ ആരോഗ്യത്തിന് മുതൽകൂട്ടാണ്. അതുകൊണ്ട് തന്നെ കണ്ണിന്റെ ആരോഗ്യ സംരക്ഷണവും അത്രമേൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.

കാഴ്ചയെ മറയ്ക്കുന്ന രോഗങ്ങൾ നിരവധിയാണ്. ആൺപെൺ വ്യത്യാസം കൂടാതെ പ്രായഭേദമില്ലാതെ നേത്രരോഗങ്ങൾ കണ്ടുവരുന്നു. മറ്റെല്ലാ രോഗങ്ങളെപോലെയും ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ നേത്രരോഗങ്ങളുടെ വർദ്ധനവിന് കാരണമായിട്ടുണ്ട്. അതുകൊണ്ടു തന്നെ അൽപം ശ്രദ്ധയും പരിചരണവും ഉണ്ടെങ്കിൽ നേത്രരോഗങ്ങൾക്കു ഒരു പരിധിവരെ കടിഞ്ഞാണിട്ടു നിർത്താം.

കണ്ണിനെ ബാധിക്കുന്ന സാധാരണ രോഗങ്ങൾ ഇവയാണ്.

**തിമിരം**

കണ്ണുകളെ ബാധിക്കുന്ന സാധാരണ രോഗമായി മാറിയിരിക്കുകയാണ്. പ്രായമായ വ്യക്തികളിലാണ് കൂടുതലായി കണ്ടുവരുന്നത്. ചില മരുന്നുകളുടെ പാർശ്വഫലമായും ചില രോഗികളിൽ തിമിരം കണ്ടുവരുന്നു. ശസ്ത്രക്രിയയിലൂടെ മാറ്റിയെടുക്കാൻ സാധിക്കുന്ന ഒന്നാണ്.

**കണ്ണുകളിലെ വരൾച്ച**

കണ്ണീർ ഗ്രന്ഥികളുടെ പ്രവർത്തന വൈകല്യം മൂലം ഉണ്ടാകുന്ന കണ്ണിന്റെ പ്രശ്നമാണ് വരൾച്ച. ദീർഘനേരം കമ്പ്യൂട്ടർ, ലാപ്ടോപ്പ്, മൊബൈൽ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നവരിൽ സാധാരണയായി കണ്ടുവരുന്നു.

**വെള്ളെഴുത്ത്**

പ്രസ്ബയോപിയ എന്നറിയപ്പെടുന്ന ഈ രോഗം നാൽപതു വയസിനു മുകളിൽ പ്രായമുള്ളവരെയാണ് ബാധിക്കുന്നത്. കണ്ണിനുള്ളിലെ ലെൻസിന് കട്ടികൂടുന്നതും ചലനശേഷി നഷ്ടപ്പെടുന്നതുമാണ് വെള്ളെഴുത്തിന് കാരണം.

**കൺകുരുവും കൺവീക്കവും**

കൺകുരു വേദനയോടും വേദനയില്ലാതെയും ഉണ്ടാകുവാൻ സാധ്യതയുണ്ട്. അണുബാധ മൂലമോ നീർക്കെട്ടു മൂലമോ ചെറുകുഴലുകളിലൂടെയുള്ള സ്രവങ്ങൾക്ക് തടസ്സം സംഭവിക്കുകയും വേദനയോടുകൂടി ഒരു തടിപ്പ് ഉണ്ടാകുകയും ചെയ്യുന്നു.

**ഹ്രസ്വദൃഷ്ടി**

കണ്ണിലെ ലെൻസിന്റെയോ കോർണ്ണിയയുടെ വക്രത കൂടുന്നത് മൂലമോ ഉണ്ടാകുന്ന ഒരു കാഴ്ച വൈകല്യമാണ്

പ്രാർത്ഥനാപൂർവ്വം
മേലെപ്പാറ മാർ ബസേലിയോസ് യൂണിറ്റ്
കുന്നംകുളം ഭദ്രസനം

ഹ്രസ്വദൃഷ്ടി. ദൂരെയുള്ള വസ്തുക്കൾ കാണാതെയിരിക്കുക എന്നതാണ്. രോഗലക്ഷണം ചില രോഗികളിൽ തലവേദനയും കണ്ടു വരുന്നു.

**കംമ്പ്യൂട്ടർ വിഷൻ സിൻഡ്രോം**

കോവിഡ് മഹാമാരി വന്നതിനുശേഷം ജനങ്ങളിൽ ഏറ്റവും അധികമായി കണ്ടുവരുന്ന ഒരു നേത്രരോഗമാണ് കംമ്പ്യൂട്ടർ വിഷൻ സിൻഡ്രോം. ഇന്ന് ഓൺലൈൻ ക്ലാസ്സുകൾ, വർക്ക് ഫ്രം ഹോം എന്നിവ സജീവമായതോടെ പഠനാവശ്യത്തിനായും, സിനിമകൾ, വെബ് സീരിസുകൾ, ഗയിമുകൾ എന്നിവ പോലുള്ള വിനോദ ആവശ്യത്തിനായും സ്ക്രിനിനു മുന്നിൽ ഓരോ വ്യക്തിയും ചെലവഴിക്കുന്ന സമയത്തിന് ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കണ്ണുകൾക്ക് അസ്വസ്ഥത, തലവേദന, കാഴ്ചയ്ക്ക് മങ്ങൽ, കണ്ണുകളിലെ വരൾച്ച എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

നേത്ര ആരോഗ്യം എങ്ങനെയെല്ലാം സംരക്ഷിക്കാം.

**1. വിശദമായ നേത്ര പരിശോധന നടത്തുക.**

മറ്റൊരു പ്രശ്നങ്ങളും ഇല്ലാത്ത വ്യക്തിയാണെങ്കിൽ കൂടി വർഷംതോറും കാഴ്ചശ്ക്തി കൃത്യമായി പരിശോധിക്കേണ്ടതാണ്. പ്രമേഹം, ഹൃദ്രോഗങ്ങൾ, എന്നിവ ഉള്ളവർ 6 മാസം തോറും പരിശോധന നടത്തേണ്ടതാണ്.

**2. വ്യക്തി ശുചിത്വം പാലിക്കുക.**

വൃത്തി ഹീനമായ കൈകൾ കൊണ്ട് കണ്ണുകൾ തിരുമ്മുന്നതിന് കണ്ണുകളിൽ അലർജ്ജിക്കും കൺകുരുവിനും കാരണമായേക്കാം. ദൂരയാത്ര, പൊടിപടലങ്ങൾ ഉള്ള അന്തരീക്ഷം എന്നിവ കഴിഞ്ഞാൽ നിർബന്ധമായും കണ്ണുകൾ ശുദ്ധജലം കൊണ്ട് കഴുകുക.

**3. ഇടവേള വേണം**

കംമ്പ്യൂട്ടറിൽ ജോലിചെയ്യുന്നവരും തുടർച്ചയായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരും ഇടയ്ക്ക് ഇടവേള എടുക്കുക. 20-20-20 റൂൾ -20 മിനിട് സ്ക്രീനിൽ നോക്കിയിരുന്നാൽ 20 സെക്കന്റ് നേരം 20 അടി ദൂരത്തേക്ക് നോക്കി കണ്ണിന്റെ മസിലുകൾക്ക് വിശ്രമം നൽകുക.

**4. സൗന്ദര്യ വസ്തുക്കൾ ശ്രദ്ധയോടെ**

സൗന്ദര്യ വർദ്ധക വസ്തുക്കൾ ആറു മാസത്തിൽ കൂടുതൽ ഉപയോഗിക്കാതെ ഇരിക്കുക. രാത്രി കിടക്കുന്നതിനു മുമ്പായി മേയ്ക്കപ്പ് പൂർണ്ണമായി മാറ്റി എന്ന് ഉറപ്പുവരുത്തുക. സൗന്ദര്യ വസ്തുക്കൾ തിരഞ്ഞെടുക്കുമ്പോൾ അവയുടെ ഗുണനിലവാരം പരിശോധിക്കുക.

**5. വെളിച്ചം ക്രമീകരിക്കാം**

നല്ല വെളിച്ചം ഉള്ള മുറിയിൽ ഇരുന്ന് വായനയും പഠനവും നടത്തുക. തെറ്റായ അളവിലുള്ള വെളിച്ചം കണ്ണുകൾക്ക് അനാവശ്യമായ ആയാസം ഉണ്ടാക്കുന്നു.

**6. പോഷക ആഹാരം ശീലമാക്കുക.**

നേത്ര സംരക്ഷണത്തിന് പ്രധാനമായും വിറ്റാമിൻ എ അടങ്ങിയ ഭക്ഷണം ശീലമാക്കുക. ബിറ്റാകരോട്ടിൻ അടങ്ങിയ കാരറ്റ്, ഇലക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. ഇതൊടൊപ്പം ഒമേഗാ ത്രീ ഫാറ്റി ആസിഡും ആന്റി ഓക്സിഡന്റും അടങ്ങിയ ചെറിയ മീനുകളും നേത്ര ആരോഗ്യത്തിന് ഉത്തമമാണ്.

●

**ഇടുക്കി ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പരുമല പദയാത്ര**

പ. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധന്റെ തിരുശേഷിപ്പ് സ്ഥിതി ചെയ്യുന്ന കർമ്മേൽ മലയിൽ നിന്ന് ഒക്ടോബർ 29-ന് ആരംഭിക്കുന്ന പദയാത്ര സംഘം ഇടുക്കി, കോട്ടയം ഭദ്രാസനങ്ങളിലെ വിവിധ ഇടവകളുടെ സ്വീകരണം ഏറ്റുവാങ്ങി പ്രാർത്ഥനയോടെ നവംബർ 1 പരുമലയിൽ എത്തി ചേരുന്നു.




മലങ്കരയുടെ പൈതൃകമണ്ണിൽ മങ്ങാട്ട് ദേശത്തു ചരിത്രമായ കുന്നംകുളം ഭദ്രാസനം
പ്രഥമ ആതിഥേയത്വം വഹിച്ച യുവജനപ്രസ്ഥാന കേന്ദ്ര ജനറൽ അസംബ്ലി നടത്തപ്പെട്ടു.

## യുവജന വാരാഘോഷ ഉദ്ഘാടനം



മലങ്കര ഓർത്തോഡോക്സ് ക്രിസ്ത്യൻ യുവജന പ്രസ്ഥാനത്തിന്റെ അഭിമുഖ്യത്തിൽ അഖിലമലങ്കര തലത്തിൽ നടത്തപ്പെടുന്ന യുവജന വാരാഘോഷങ്ങളുടെ അഖില മലങ്കര തലത്തിലുള്ള ഉദ്ഘാടനവും കുന്നംകുളം ഭദ്രാസന യുവജനപ്രസ്ഥാന ത്തിന്റെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ്, പ്ലസ് ടു എന്നിവയിൽ വിജയിച്ച കുരുന്നുകൾക്ക് ഉള്ള അവാർഡ് ദാനവും പഴഞ്ഞി എം.ഡി. കോളേജിൽ വച്ച് സംയുക്തമായി ഞായറാഴ്ച രണ്ടുമണിക്ക് നടന്നു. കുന്നംകുളം ഭദ്രാസന സഹായ മെത്രാപ്പോലീത്തായും അഹമ്മദാബാദ് ഭദ്രാസന അധിപനും ഓർത്തഡോക്സ് സഭ യുവജനപ്രസ്ഥാനം പ്രസിഡണ്ടുമായ അഭിവന്ദ്യ ഡോ ഗീവർഗീസ് മാർ യൂലോസ് തിരുമേനി ഉദ്ഘാടനം നിർവഹിച്ചു. കേന്ദ്ര യുവജന മാസിക ചീഫ് എഡിറ്റർ ഫാദർ ലൂക്കോസ് ബാബു, കുന്നംകുളം ദദ്രാസന മർത്തമറിയം സമാജം വൈസ് പ്രസിഡന്റ് ഫാദർ മാത്യു വർഗീസ് കുളങ്ങാട്ടിൽ, ഭദ്രാസന മദ്ബഹ ശുശ്രൂഷക സംഘം സെക്രട്ടറി ജസ്റ്റിൻ ജെയിംസ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാദർ തോമസ് ചാണ്ടി സ്വാഗതം പ്രസ്ഥാനം സെക്രട്ടറി ഫ്യൂജിൻ നന്ദി അർപ്പിച്ചു സംസാരിച്ചു. മൂന്നൂറോളം വരുന്ന വിദ്യാർത്ഥികളെ ആദരിച്ച ചടങ്ങിന് പ്രസ്ഥാനം കേന്ദ്ര ഭദ്രാസന യൂണിറ്റ് പ്രതിനിധികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കുന്നംകുളം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ കാരുണ്യ പദ്ധതികളിലേക്ക് മൂലെപ്പാട് മാർ ബസേലിയോസ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക യുവജന പ്രസ്ഥാനം ഒരു വീൽചെയർ നൽകുകയും ചെയ്തു.പ്രസ്ഥാനം പ്രവർത്തകരുടെ ഓണ കലപരിപാടികളും നടന്നു.

## പ്രാർത്ഥനാഞ്ജലികൾ



**റവ. ഫാ. ഡോ. ഒ. തോമസ്**
(OCYM മുൻ ജനറൽ സെക്രട്ടറി)



**ഡോ. അലക്സാണ്ടർ കാരയ്ക്കൽ**
(മലങ്കര ഓർത്തഡോക്സ് സഭ, മുൻ ട്രസ്റ്റി)

# LEADERS MEET 2022



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കൊച്ചി ഭദ്രാസന നേതൃത്വ പരിശീലന ശിബിരം അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത എറണാകുളം പടമുകൾ സെന്റ് ജോൺസ് ദ് ബാപ്റ്റിസ്റ്റ് ദേവാലയത്തിൽ വച്ച് 20/08/22 ശനിയാഴ്ച ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോൺ ജോർജ്, Ocym കേന്ദ്ര ട്രഷറർ ശ്രീ. പേൾ കണ്ണേത്ത്, ശ്രീ. ബിനോയ് രാജൻ എന്നിവർ ആശംസകൾ അറിയിച്ചു. ശ്രീ. അജിത് അലോഷ്യസ് ക്ലാസ്സിന് നേതൃത്വം നല്കി. OCYM KOCHI DIOCESE

സ്നേഹ സാഹോദര്യ ജ്വാലയും, പ്രവർത്തനോദ്ഘാടനവും കൂടാതെ കൊച്ചി Ocym ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യ വാർഷിക ദിനത്തിൽ സ്വാതന്ത്ര്യ സമര സേനാനികളോടും, ധീര ജവാന്മാരോടും ഉള്ള ആദര സൂചകമായി സ്നേഹ സഹോദര്യ ജ്വാല തെളിയിച്ചു.

ചുവന്നമണ്ണ് സെൻറ് ജോർജ് ഓർത്തഡോക്സ് ദേവാലയം ആതിഥേയത്വം വഹിച്ച യോഗത്തിൽ കൊച്ചി ഭദ്രാസന വടക്കൻ മേഖലയുടെ പ്രവർത്തനോത്ഘാടനവും നടത്തപ്പെട്ടു.

കൊച്ചി ഭദ്രാസന ocym പ്രസിഡന്റ് ബഹു. ഫാ.ഡേവിഡ് തങ്കച്ചൻ യോഗം ഉദ്ഘാടനം ചെയ്തു. കൊച്ചി ഭദ്രാസന Ocym സെക്രട്ടറി അനൂപ് സഖറിയ സ്നേഹ സാഹോദര്യ ജ്വാല പ്രതിജ്ഞ ചൊല്ലി കൊടുത്തു. പ്രശസ്ത ട്രെയ്നർ ശ്രീ. നന്ദു സാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തുടർന്ന് കലാ പരിപാടികൾ, ക്വിസ് മത്സരം, ഡിബേറ്റ് എന്നിവ നടത്തപ്പെട്ടു. ബഹു . സഖറിയ തോമസ് അച്ചൻ, ബഹു. റെൻസ് തോമസ് അച്ചൻ, ബഹു.ഗീവർഗീസ് ജേക്കബ് അച്ചൻ, സഭാ മാനേജിംഗ് കമ്മിറ്റി അംഗം ശ്രീ ഔസേഫ് K P എന്നിവർ പ്രസംഗിച്ചു.

---




കാടിന്റെ മക്കൾക്ക് കൈത്താങ്ങാവാൻ കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനം നടപ്പാക്കുന്ന RICE BUCKET CHALLENGE ന്റെ ഉദ്ഘാടനം പരി.ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് തൃത്രിയൻ കാതോലിക്ക ബാവ നിർവഹിക്കുന്നു. (ഭദ്രാസനങ്ങളിലെ ഓരോ കുടുംബത്തിൽ നിന്ന് ഒരു കിലോ അരിയിൽ കുറയാതെ ഏൽപ്പിക്കുന്ന രീതിയിലാണ് ഈ ജീവകാരുണ്യപദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്.)


## സാമൂഹ്യപ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ യുവജനപ്രസ്ഥാനം ഏറ്റെടുത്താൽ പരി.സഭ പൂർണപിന്തുണ നൽകും: പരി.ബസ്സേലിയോസ് മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ

കൂത്താട്ടുകുളം: സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ യുവജനപ്രസ്ഥാനം ഏറ്റെടുത്താൽ പരി. സഭ പൂർണപിന്തുണ നൽകുമെന്ന് പരി.ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ.കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനം സംഘടിപ്പിച്ച യൂത്ത്നൈറ്റ് -നിശ 2022 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ സഭയ്ക്കും സമൂഹത്തിന് മാതൃകയാണ് എന്നും പരി.പിതാവ് കൂട്ടിചേർത്തു.പുതുവേലി സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടന്ന ചടങ്ങിൽ യുവജനപ്രസ്ഥാനം ഭദ്രാസന ജനറൽ സെക്രട്ടറി ഗിവിസ് മർക്കോസ് അധ്യക്ഷത വഹിച്ചു. സിനിമ താരം രഞ്ജിനി ഷാജൻ മുഖ്യഅതിഥി ആയിരുന്നു. യുവജനപ്രസ്ഥാനത്തിന്റെ മുൻകാലഭാരാവാഹികളയും ,കലകായിക പ്രതിഭകളെയും ചടങ്ങിൽ ആദരിച്ചു .വികാരി ഫാ.ജോമോൻ ചെറിയാൻ,യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറർ പേൾ കണ്ണേത്ത്, യുവജനപ്രസ്ഥാനം കേന്ദ്ര ഭാരാവാഹികളായ നിഖിൽ കെ. ജോയി, ബിൻജോ ബേബി, അൽക്ക മരിയ തോമസ്, എൽദോസ് ബേബി തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ അംഗങ്ങൾ അവതരിപ്പിച്ച കലാസന്ധ്യയും നടന്നു.

# നവാഭിഷിക്തരായ മെത്രാപ്പോലീത്തമാർ




H.G Abraham Mar Stephanos




H.G Dr. Thomas Mar Ivanios



H.G Geevarghese Mar Theophilos,



H.G Geevarghese Mar Philexinos



H.G Geevarghese Mar Pachomios



H.G Dr Geevarghese Mar Barnabas



H.G Zacharia Mar Severios.

## ആശംസകൾ...



റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ



ശ്രീ. റോണി വർഗീസ്



അഡ്വ. ബിജു ഉമ്മൻ

# *7th year of Demise*

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും (മത്തായി 5:8)





## JACOB P. JACOB

Ex Municipal Chairman, Kunnamkulam



ആശംസകളോടെ..

# MAR DIONYSIUS COLLEGE, PAZHANJI.

(Affiliated to THE UNIVERSITY OF CALICUT
Accredited with 'B' Grade by NAAC)
Owned and managed by Malankara Orthodox Cyrian Church

## അംഗീകൃത ബിരുദ ബിരുദാനന്തര കോഴ്സുകൾ

**(A) AIDED COURSES**

1. B.A. Economics
2. B.A. English
3. B.Sc Physics
4. B.Sc. Mathematics
5. B.B.A. (Bachelor of Business Administration)
6. B.C.A. (Bachelor of Computer Application)
7. M.A. Economics

**(B)SELF FINANCING COURSES**

1. B.Com. (Computer Application)
2. B.Com. (Finance)
3. B.T.T.M. (Bachelor of Travel and Tourism Management)
4. B.S.W. (Bachelor of Social Work)
5. B.Sc. Psychology
6. M.Com.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

OFFICE: 04885 296021, 298100 WEBSITE: WWW.MDCOLLEGE.EDU.IN
PRINCIPAL: PROF. DR. THOMAS MATHEW - 8921614426, 9446131010
MANAGER: DR. GEEVARGHESE MAR YULIOS METROPOLITAN - 04885 223001
SECRETARY: FR. JOSEPH CHERUVATHOOR - 9447872297 TRESURER: C.K. MOHAN - 9446725018

# മലങ്കര മെഡിക്കൽ മിഷൻ ആശുപത്രി

## NABH CERTIFIED

Multi Super Speciality Hospital
അടുപ്പൂട്ടി, കുന്നംകുളം. ഫോൺ:
04885 222944, 222764. Mob: 9526422944
Email:kkmmoscmmhos@gmail.com



കുന്നംകുളത്ത് ആദ്യമായി 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭിക്കുന്ന

### ന്യൂറോളജി വിഭാഗം

പ്രവർത്തനം ആരംഭിച്ചിരിക്കുന്നു

**DEPARTMENT OF NEUROLOGY**

**DR. SABU GEORGE. K.**
MBBS, DNB, DM (Neurology) DCH, MNAMS
OP Time: 10.00am to 4.00pm (All Days)

**DR. NARAYANAN UNNI**
MBBD, MD, DM
OP Time: 4.00pm (Tue, Sat)

**സേവനങ്ങൾ**

- Stroke Management
- Stroke Throbolysis
- After Stroke Rehabitation
- Paraplegia/quqdriplegic
- Parkinsonism
- Memory disorders
- Epilepsy
- Migraine
- EEG
- NCS, EMG
- 24hr CT Scan
- Brain Angio

**AVAILABLE DEPARTMENTS**

- Cardiology
- Pulmonology
- Urology
- Nephrology
- Neurology
- Medicine
- Toxicology
- Paediatrics
- E.N.T
- Orthopaedics
- Radiology
- Opthalmology
- Anesthesia
- Dermatology
- Psychiatry
- Dental
- Cartac Cath Lab
- Ct Scan
- Microbiology
- Physio Therapy
- Blood Bank
- X-Ray & E.C.G
- E.E.G, Emg Ncs
- Laboratory
- Dialysis
- Pharmacy
- Bronchoscopy
- Thoracoscopy
- Colonoscopy
- Gastroscopy
- General & Paediatric Surery
- Gastroenterology
- Obstetrics & Gynaecology
- 24Hr Accident & Trauma Unit



Printed and Published by : H.G. Dr. Geevarghese Mar Yulios Metropolitan on behalf of President, OCYM, St. Thomas Bhavan, Kottayam- 1
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997
Printed at : Glamour Offset Printers, Kunnamkulam, Layout : Trinity Live Media, Chengannur, Chief Editor : Fr. Luke Babu Publisher : Binu Pappachan